20

# ഒരു ഋഷികേശ് - ഹരിദ്വാർ യാത്ര



ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series - 108

Scanned with CamScanner

# ഒരു ഋഷികേശ് – ഹരിദ്വാർ യാത്ര

**ഡോ. എൻ. ഗോപാലകൃഷ്ണൻ** Ph.D., D.Lit
(Scientist & Director IISH)

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്**
**തിരുവനന്തപുരം – 695 018**
www.iish.org

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 109

Scanned with CamScanner

ഒരു ഋഷികേശ് - ഹരിദ്വാർ യാത്ര

**Dr. N. Gopalakrishnan**

M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.

(Scientist & Director IISH)

Published by:

**Indian Institute of Scientific Heritage (IISH)**

**Registered Charitable Trust 328/99/IV**

Ushus, Estate Road, Pappanamcode

Trivandrum - 695 018 (Ph. 0471 - 2490149)

Website : www.iish.org / www.iish.tv

**Rs. 20/-**

*Printed at:*

Sree Printers

Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ഇതൊരു യാത്രാ വിവരണമല്ല. പക്ഷേ യാത്ര ചെയ്ത വിവരണമാണ്. യാത്രാവേളയിലെ അനുഭവങ്ങളുടെയും ദൃശ്യങ്ങളുടെയും വിവരണം. ഈ യാത്രാ ദൃശ്യ വിവരണത്തിന് ഒരുദ്ദേശമുണ്ട്; നിങ്ങളെയും ഈ ഒരു പുണ്യദർശന തീർത്ഥാടനയാത്രക്കായി നിർബന്ധിക്കുക. നിങ്ങളുടെ ഉള്ളിൽ നിന്നൊരു നിബർന്ധ ചേതനയുണർത്തുക. ആ ലക്ഷ്യത്തിനുവേണ്ടിയുള്ള ഒരു ലഘുവിവരണം ഇതിലൂടെ നൽകുമ്പോഴും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്, ഞാൻ കണ്ടതായ ദൃശ്യങ്ങൾ നിങ്ങൾ കാണുന്നതായി ഞാൻ കാണുകയാണ്. അതുകൊണ്ടുതന്നെ ഈ യാത്രാവിവരണത്തിന് മറ്റുയാത്രാവിവരണങ്ങളിൽ നിന്നും വ്യത്യാസമുണ്ട്. മറ്റൊരുദ്ദേശവുമുണ്ട്. നമ്മുടെ മനസ്സിൽ അടിഞ്ഞുകൂടിയിരിക്കുന്ന പല ധാരണകളും തെറ്റിദ്ധാരണകളും ഒന്നു മാറ്റണം. എന്നിട്ട് യാഥാർത്ഥ്യങ്ങളറിയണം. ജീവിതത്തിൽ ഏതാനും ദിവസങ്ങൾ ഇതിനായി മാറ്റിവച്ച്, സാധിക്കാവുന്ന രീതിയിലൂടെ ലഭ്യമായ സമ്പത്തുകൊണ്ട് ഈ തീർത്ഥയാത്ര നിങ്ങളും നടത്തണം. അതിലെ തെറ്റുകൾ നാം തിരുത്തണം, കുറവുകൾ പരിഹരിക്കണം, നന്മകൾ ലോകമെമ്പാടും വാരിവിതറണം. ഒരായിരം വർഷത്തെ വിദേശാധിപത്യത്തിനുശേഷവും, സ്വതന്ത്രഭാരതത്തിൽ വിദേശിയുടെ മനസ്സുള്ളവർ ഭരിച്ചിട്ടും, ഇന്നും വിദേശി നമ്മെ നിയന്ത്രിച്ചിട്ടും നമ്മുടെ രാഷ്ട്രത്തിന്റെ ചൈതന്യം തളരാതെ തകരാതെ വരളാതെ വളരുന്നത് നാം സ്വയം അറിയണം. മറ്റുള്ളവരെ നാം സ്വയം അറിയിക്കണം. അവരിലും നമ്മുടെ രാഷ്ട്രത്തിന്റെ ചൈതന്യസ്രോതസ്സുകൾ കാണാനുള്ള ഇച്ഛാശക്തിയുണ്ടാക്കണം. അതിനുവേണ്ടി മാത്രമാണ് ഒരു ചെറിയ യാത്രയിലെ വലിയ ദൃശ്യങ്ങളെന്നെനിക്കു തോന്നുന്നത് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്. ഈ ചെറിയ പുസ്തകത്തിന് മുഖവുരയും അവതാരികയുമില്ല. നേരിട്ടു വിഷയത്തിലേക്കു തന്നെകടക്കട്ടെ.

**ഋഷികേശ യാത്രയുടെ ലക്ഷ്യം**

നാലു വർഷങ്ങൾക്ക് മുമ്പ് പുനർണവ ആയുർവേദ ഫാർമസിയുടെ നേതൃത്വത്തിൽ മഹാബലിപുരത്ത് ഒരു ആയുർവേദ സെമിനാർ നടന്നു. ആയുർവേദ ബിരുദധാരിയല്ലാതിരുന്നിട്ടും എന്നെയും അവിടത്തെ പ്രഭാഷണത്തിനു ക്ഷണിച്ചിരുന്നു. അവിടെ വേദമന്ത്രങ്ങൾ ചൊല്ലിക്കൊണ്ടായിരുന്നു പ്രജ്ഞാനം സ്വബോധം എന്നീ വിഷയത്തെക്കുറിച്ച് ഞാൻ വിവരിച്ചത്. സദസ്യർക്കതിഷ്ടപ്പെട്ടു എന്നു തോന്നുന്നു. അതുകൊണ്ട് 2009ൽ നടന്ന രണ്ടാമത്തെ അന്തർദേശീയ സെമിനാറിലും പങ്കെടുക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചു. സ്ഥലം ഋഷികേശിലെ പരമാർത്ഥ് നികേതൻ ആയിരുന്നു. അവിടെ അതിവിസ്തൃതമായ



Scanned with CamScanner

സ്ഥലത്ത് അത്യാധുനികമായ സജ്ജീകരണങ്ങളോടെ, പൈതൃകസ ത്തയൊന്നും ചോർന്നുപോകാതെ, നന്മനിറഞ്ഞ രീതിയിൽ സെമി നാർ നടന്നു. പിന്നീട് ഇക്കഴിഞ്ഞ ഫെബ്രുവരി (2011) 17 മുതൽ 22 വരെ നടന്ന മൂന്നാമത്തെ അന്തർദേശീയ ആയുർവേദ സെമിനാറിലും പങ്കെടുക്കാൻ സാധിച്ചു. ആ യാത്രയ്ക്കിടക്കുള്ള അനുഭവങ്ങളാണി വിടെ കുറിക്കുന്നത്.

### യാത്രയ്ക്കുള്ള പുറപ്പെടൽ

തിരുവനന്തപുരത്തു നിന്നും കൊച്ചിവഴി ഡൽഹി വിമാനത്താവളത്തി ലിറങ്ങി. അത്യത്ഭുതമെന്നു പറയാതെവയ്യ. ലോകത്തിലെ ഏതു വിക സിത രാഷ്ട്ര വിമാനത്താവളത്തേയുംപോലെ അത്യന്താധുനിക സംവി ധാനങ്ങളുമായി ഉയർത്തെഴുന്നേറ്റ നമ്മുടെ രാഷ്ട്രതലസ്ഥാനത്തിലെ വിമാനത്താവളം കണ്ടപ്പോൾ ആത്മാഭിമാനം തോന്നി. ഏതാണ്ടൊരു വർഷം മുമ്പ്, ഞാനും കുടുംബവും ദുബായിലേയ്ക്ക് പോകണമെ ന്നാഗ്രഹിച്ചു. വേണ്ടതെല്ലാം ചെയ്തു. അവസാനം യാത്ര അലസി പ്പോയെങ്കിലും മനസ്സിൽ നിറഞ്ഞുനിന്നത്, ദുബായ് വിമാനത്താവളം കുടുംബാംഗങ്ങളെ കാണിക്കണമെന്നായിരുന്നു. അത്യത്ഭുതകരമായ ആ എയർപോർട്ടിൽ സമ്പത്തിന്റെയും അഹങ്കാരത്തിന്റെയും പ്രതി ഫലനമുണ്ട്. അതവിടെ മുഴച്ചു കാണാമായിരുന്നു. എന്നാൽ ആ സമ്പ ത്തിന്റെ മുഴക്കങ്ങളിവിടെയില്ലെങ്കിലും അടിപൊളി എന്ന പദപ്രയോഗം അനുയോജ്യമായി ഉപയോഗിക്കാവുന്ന ന്യൂഡെൽഹി എയർപോർട്ട് ക്ലീൻ & നീറ്റ് എന്ന് പറയാതെ വയ്യ. അടുക്കും ചിട്ടയും നിറഞ്ഞു നിൽക്കുന്നു. എല്ലാവരും വേണ്ടത്രയും അച്ചടക്കം പാലിക്കുന്നു. വൃത്തി യാക്കേണ്ടവർ അവരുടെ ജോലി ചെയ്യുന്നു. ബാത്റൂമും ടോയ്ലറ്റും അക്ഷരാർത്ഥത്തിൽ ദുർഗന്ധവിമുക്തവും എന്നാൽ പുൽത്തൈലഗന്ധ സമൃദ്ധവുമായിരുന്നു. ജോലിക്കാരെല്ലാം യൂണിഫോമിലായിരുന്നു. വ്യക്തമായ അനൗൺസ്മെന്റും കേട്ടു. ഫ്ളൈറ്റ് വൈകുന്ന ഓരോ മിനിറ്റിനും മാപ്പു പറയുന്ന അനൗൺസ്മെന്റ്. (ആ മാപ്പു പറച്ചിൽ അൽപംകൂടിപ്പോയോ എന്ന സംശയം മാത്രമേ ഉണ്ടായിരുന്നുള്ളൂ) എന്നാലും ഫ്ളൈറ്റ് വൈകാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട് എന്നൊരു തോന്നൽ ആ വരികളുടെ ഭാഷാപ്രയോഗത്തിലുണ്ട്. ഓരോ ഫ്ളൈറ്റും ഇവിടെ നിന്നല്ല വൈകുന്നത് വരാൻ വൈകിയതുകൊ ണ്ടാണ് പോകാൻ വൈകുന്നതെന്ന് ആവർത്തിച്ചുള്ള പറച്ചിൽ. ഡൽഹി എയർപോർട്ടിലിറങ്ങി മിനിറ്റുകൾക്കകം ചെക്കിൻ ലഗ്ഗേജ് ലഭിച്ചു. ഒരു പ്രശ്നവുമില്ലാതെ പുറത്തുവന്നു. രണ്ടുവർഷം മുമ്പ് ലോസ് ഏഞ്ചൽസിലേയ്ക്ക് പോയപ്പോൾ എയർപോർട്ടിന്റെ പുറത്ത് എങ്ങി



Scanned with CamScanner

നെയുണ്ടായിരുന്നോ (വലുപ്പത്തിൽ കുറവുള്ളതൊഴികെ ബാക്കിയെല്ലാം) അതുപോലെ വൃത്തിയും വെടിപ്പുമുള്ള ഡൽഹി എയർപോർട്ട് ! സ്റ്റെൻ ഗൺ പിടിച്ചുകൊണ്ട് ഏതാനും പോലീസുകാർ തലങ്ങും വിലങ്ങും നടക്കുന്നുണ്ടായിരുന്നു. എല്ലാ രാജ്യങ്ങളിലേയും അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ സ്ഥിരം കേൾക്കാവുന്ന അനൗൺസ്മെന്റാണ് എവിടേയെങ്കിലും ഏതെങ്കിലും ബാഗ് നാഥനില്ലാതെ കാണുകയാണെങ്കിൽ പോലീസിനെ ഏൽപ്പിക്കണം/ അഥവാ അറിയിക്കണമെന്ന്. ഇവിടെ അതൊന്നും ഇറങ്ങുമ്പോഴും മടക്കയാത്രയിലും കേട്ടില്ല. ഭാരതത്തിലെ തീവ്രവാദം ഒരുപരിധിവരെ നിയന്ത്രണവിധേയമായതുകൊണ്ടല്ലേ ഇതു സംഭവിച്ചതെന്നെനിക്കുതോന്നി. മടക്കയാത്രയിൽ അതിനേക്കാളും അത്ഭുതം തോന്നിയത് ചെക്കിൻ ലഗേജ് എക്സ്റേ സ്കാനിംഗിനു വിധേയമാക്കിയില്ല എന്നു മാത്രമല്ല അവിടെ അന്വേഷിച്ചപ്പോൾ മനസ്സിലായത്, അങ്ങിനെയൊരു സംവിധാനം തന്നെ ഡൽഹി എയർപോർട്ടിൽ നിർത്തലാക്കിയെന്നാണ്. ഒരുപക്ഷേ അത്തരത്തിൽ ഒരു സംവിധാനമുണ്ടായതുകൊണ്ട് ഇന്നുവരെ ചെക്ക് ഇൻ ലഗേജിൽ നശീകരണത്തിന്നായി പ്രത്യേകിച്ചൊന്നും കണ്ടുപിടിക്കാനായിട്ടില്ലാത്തതിനാലാവാം ആ സംവിധാനം വേണ്ടെന്ന് വച്ചതെന്ന് എനിക്കുതോന്നി.

രണ്ടുവർഷം മുമ്പ് 2009 ൽ ജൂലൈ മാസത്തിൽ കാലിഫോർണിയായിലെ എയർപോർട്ടിൽ നിന്ന് എന്റെ ലഗേജ് പരിശോധിക്കാനെടുത്ത സമയവും, രീതിയും നോക്കിയപ്പോൾ അതിന്റെ ഭീകരതയോർത്ത് അത്ഭുതവും ഭയവും തോന്നി. ഇവിടെ ഒന്നുകൂടി വിവരിക്കട്ടെ; ഡൽഹിയിലെ ദേശീയ എയർപോർട്ടിൽ വിദേശികളുടെ എണ്ണം ചിന്താതീതമായിരുന്നു. അതിലെനിക്ക് അത്യാഹ്ലാദവും തോന്നി. ഞാനപ്പോൾ ലണ്ടനിൽ നടന്ന ഒരു സർവ്വേയെക്കുറിച്ചോർത്തു. 2004ൽ ലോക സഞ്ചാരികളിൽ ഭാരതം കാണാനാഗ്രഹിച്ചവർ കേവലം 4 ശതമാനമായിരുന്നു. 2007 ൽ അത് 25 ശതമാനമായി. 2009 ൽ അത് 80 ശതമാനമായിയത്രെ. അതിന്റെ പ്രതിഫലനമെന്നോണം ഡൽഹി എയർപോർട്ടിലെ ദൃശ്യം എനിക്ക് അത്യാഹ്ളാദകരമായി തോന്നി. ഉള്ളിന്റെയുള്ളിൽ ഒരു ചെറിയ വേദന ഉണ്ടായിരുന്നു. ഈ എയർപോർട്ട് ഉണ്ടാക്കാനായി അനുവദിച്ച സംഖ്യയുടെ ഒരു ഭാഗമെങ്കിലും എത്രയോപേരുടെ പോക്കറ്റിലൂടെ പോയിട്ടുണ്ടാകും? ഒരു ദോഷൈകദൃക്കിന്റെ വീക്ഷണത്തിലൂടെയാണ് ഞാനെഴുതുന്നത്.

പക്ഷേ നമ്മുടെ ജവാന്മാർക്കുള്ള ആദർശ് ഫ്ളാറ്റും സുപ്രീംകോടതി ജഡ്ജിമാരുടെ കൈക്കൂലിയും, രാജ തുടങ്ങിയ മന്ത്രിമാരും ഓരോ



Scanned with CamScanner

പാർട്ടിയിലും പെട്ടവരും വാങ്ങിച്ച തുകയുമെല്ലാം പത്രമാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന കാലത്ത് പ്രധാനമന്ത്രിപോലും നിസ്സഹായനായി ജീവിക്കുന്ന അവസ്ഥയായതുകൊണ്ടാണിങ്ങിനെയൊരു വേദന ഉള്ളിലുണ്ടായത്. അതവിടെയിരിക്കട്ടെ!

**ഡൽഹിയിൽ നിന്ന് ഋഷികേശിലേക്കുള്ള യാത്ര**

ഡൽഹി എയർപോർട്ടിൽ അച്ചടക്കത്തോടെ നിരത്തിയിട്ടിരിക്കുന്ന വണ്ടികളിൽ, ഒന്ന് ഞാൻ മൊബൈൽ ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ എന്റെയടുത്തുവന്നു. ഞാനതിൽ കയറി നേരെ ഋഷികേശിലേക്ക് പുറപ്പെട്ടത് ഏകദേശം ഉച്ചക്ക് 2 മണിക്കായിരുന്നു. ഡൽഹി അതിർത്തി വരെ വളരെ നല്ല റോഡുകളായിരുന്നു. അതി കഠിനമായ ചട്ടം പാലിക്കുന്ന ട്രാഫിക് പോലീസുകാർ തലങ്ങും വിലങ്ങും ഉണ്ടായിരുന്നു. ഇന്ദിരാഗാന്ധി വെടിയേറ്റ് മരിച്ചതിന്റെ നാലാം നാൾ ഞാൻ ഡൽഹിലെത്തിയിരുന്നു. അന്നുഞാൻ കത്തുന്ന ഡൽഹി കണ്ടതോർത്തു.

ഡൽഹിയുടെ അതിർത്തി കഴിഞ്ഞ് ഗസിയാബാദിലേക്കു കയറിയപ്പോൾ, റോഡിൽ ചില സ്ഥലങ്ങളിൽ കുഴികളുണ്ടായിരുന്നു. എങ്കിലും അല്പംകൂടി യാത്ര തുടർന്നപ്പോൾ നല്ല റോഡുകൾ അഥവാ തരക്കേടില്ലാത്ത റോഡുകൾ കണ്ടു. ഭിക്ഷക്കാരെ തീരെ കണ്ടില്ല. സാമാന്യം 95 ശതമാനം ജനതയും നല്ല വൃത്തിയുള്ള വസ്ത്രം ധരിച്ചിരിക്കുന്നു. ചെറുതും വലുതുമായ ദാബാകളും ഹോട്ടലുകളും ഏതാണ്ടെല്ലാം നല്ല വൃത്തിയുള്ളതായി കണ്ടു. ഇതല്ലായിരുന്നു രണ്ടുവർഷം മുമ്പിലത്തെ അവസ്ഥ. നഗരത്തിലെ വാഹനങ്ങളിൽ ഏതാണ്ട് എല്ലാംതന്നെ നല്ല കണ്ടീഷനുള്ളതാണെന്നു തോന്നി. നഗരത്തിലോടാൻ പരമാവധി പഴക്കം 15 വർഷം എന്നത് പ്രാവർത്തികമാക്കിയതിനാലാകാം ഇത്. കുറേക്കൂടി മുമ്പോട്ടു നിങ്ങിയപ്പോൾ ഉത്തർപ്രദേശിലൂടെയായിരുന്നു യാത്ര. മോഡിനഗറും മീററ്റും കടന്നപ്പോൾ അതിവിശാലമായ നാഷണൽ ഹൈവേ! വഴിവക്കിലൊരൊറ്റ പോലീസുകാരനുമില്ല. നമ്മുടെ ഹൈവേ പെട്രോളിങ്ങുമായി ബന്ധപ്പെട്ട നിയമപാലനവും അവിടത്തേയും തമ്മിൽ അജഗജാന്തരം. റോഡിൽ വണ്ടികളൊന്നും അപകടപ്പെട്ടതായും കണ്ടില്ല. അതിവികസിത ദേശംപോലെയൊരു റോഡും വശങ്ങളും, ചുറ്റുമുള്ള കടകളും ഏകദേശം അതുപോലുള്ള ജനതയും. പാവങ്ങളില്ലാത്ത അവസ്ഥയല്ല. പാവങ്ങളുണ്ട് പക്ഷേ ഭിക്ഷക്കാരില്ല. അവരുടെ വേഷവിധാനങ്ങളും തരക്കേടില്ലായിരുന്നു. സൈക്കിൾ റിക്ഷകൾപോലും തരക്കേടില്ലാത്ത ആകൃതിയിലേക്ക് നവീകരിക്കപ്പെട്ടിരിക്കുന്നു. കൈവണ്ടികളും ആയാസമില്ലാത്ത രീതിയിൽ കൊണ്ടു



Scanned with CamScanner

പോകാനുതകുംവിധം സംവിധാനം ചെയ്തിരിക്കുന്നു. തിരക്കിനിടയിലോ സിഗ്നലിലോ വാഹനം നിർത്തുമ്പോൾ കാറിലേക്ക് (ഭിക്ഷാടനത്തിനായി) നീളുന്ന കൈകൾ കണ്ടില്ല.

പണ്ട് ഓരോ പോത്തിനേയും കൊണ്ട് അമിതഭാരം വലിപ്പിച്ച് പൈസയുണ്ടാക്കിയിരുന്ന കാഴ്ച എല്ലായിടത്തും കാണാമായിരുന്നു. ഇന്നും പോത്തുവണ്ടികളുണ്ടെങ്കിലും വൻകിട ട്രെയ്‌ലറും അതു വലിക്കുന്ന ട്രാക്ടറും അമിത വലിപ്പമുള്ള ലോറികളും ചിന്താതീതമായ ഭാരം വലിക്കുന്നതു കണ്ടു. പോത്തുകൾക്കുപകരമായി ഇവ ജോലിചെയ്യുന്നു. മനുഷ്യന്റെ ക്രൂരത കുറഞ്ഞിരിക്കുന്നു!

വഴിവക്കിലൊരിടത്ത് നിന്ന് ഭക്ഷണം കഴിക്കാനൊരുമ്പെട്ടപ്പോൾ പഴയ ഡൽഹിയിലെ കാര്യങ്ങളോർത്ത്, ഡ്രൈവറോട് ചോദിച്ചു. "ഇവിടെ പറ്റിക്കലും വെട്ടിക്കലും സർവ്വസാധാരണമല്ലേ? ഓരോ ഹോട്ടലിലും വിലവിവരപ്പട്ടികയിൽ എഴുതിവച്ചിരിക്കുന്നതു തന്നെയാണോ നമ്മളിൽ നിന്നീടാക്കുന്നത്? നാം പറ്റിക്കപ്പെടരുത് എന്നോർക്കണം."

ഡ്രൈവർ അസന്ദിഗ്ധമായി പറഞ്ഞു. "ഇവിടെ പണ്ടത്തെപ്പോലെയല്ലസാർ. എല്ലാത്തിനും ഫിക്സ്ഡ് റേറ്റാണ്. പറ്റിക്കുന്നവരില്ലെന്നല്ല, അപൂർവ്വമാണ്. ഏതു ഹോട്ടലിലും സാറിനു വിശ്വസിച്ചു കയറാം. അവിടെ വിലവിവരപട്ടികയെഴുതിവച്ചിട്ടുണ്ട്. ഭക്ഷ്യവിഭവ ലിസ്റ്റും സാറിനു തരും. വലിയ വിലയൊന്നുമില്ല സർ."

ഈ പറഞ്ഞത് ആദ്യം ഞാൻ വിശ്വസിച്ചില്ല. ഏതാണ്ട് നാലരമണിക്ക് തരക്കേടില്ലാത്ത ഇടത്തരം ഹോട്ടലിൽ കയറി നല്ലവണ്ണം ഭക്ഷണം കഴിച്ചു. രണ്ടുപേർക്കും തൃപ്തിയാകുന്ന തരത്തിലുള്ള ഗുണവും അളവും. ഒരു തിരക്കേറിയ പ്രദേശമായിരുന്നിട്ടും 80 രൂപയിൽ താഴെയായിരുന്നു ബിൽ വന്നത്. ഇതായിരുന്നില്ല പണ്ടത്തെ അവസ്ഥ. ആളും തരവും നോക്കി ഒരേകറിക്ക് 20 ഉം 30ഉം രൂപ വാങ്ങും. ഒരു സാധനം തന്നിട്ട് അതിൽ ഇന്ന ഇന്ന സാധനങ്ങൾ കൂടിയിട്ടിട്ടുണ്ട് എന്നു പറയും. ആഗതൻ ആ പ്രദേശത്തുള്ളവനല്ല എന്നറിഞ്ഞാൽ ഇത്തരം പറ്റിക്കൽ സാധാരണമാണ്.

ഇത്രക്കും ഒരു യാത്രാവിവരണത്തിലെഴുതാനുണ്ടോയെന്നു തോന്നിയേക്കാം. 1982 മുതൽ ഉത്തര ഭാരതത്തിലെ പല പ്രദേശങ്ങളിലും പല സമയത്തായി പോകാൻ ഭാഗ്യം ലഭിച്ച എനിക്ക് ഒരു കാര്യം വളരെ വ്യക്തമായിരുന്നു. ഒരേ സാധനം ഒരേ അളവിൽ ഒരേ ഹോട്ടലിൽ പല വിലയ്ക്ക് വിൽക്കുന്ന ഹോട്ടലുകളാണധികവും. പുതിയ വ്യക്തിയാണെന്നറിഞ്ഞാൽ ഒരേ കറിക്ക് 40 രൂപ വരെവാങ്ങിക്കും. അതിനു



Scanned with CamScanner

തന്നെ ചിലപ്പോൾ സ്ഥലപരിചയമുള്ളവന്റെയടുത്തുനിന്ന് 15 രൂപയാ യിരിക്കും ചാർജ്ജു ചെയ്യുന്നത്. ഇത്തരത്തിലൊരു പറ്റിക്കൽ ടെൻഷ നില്ലാതെ ഭക്ഷണം കഴിക്കാവുന്ന അവസ്ഥ ഈ യാത്രയിലുടനീളം അനുഭവിച്ചു. അതുകൊണ്ട് ഞാനെഴുതട്ടെ തീർത്ഥ യാത്രക്കു പോകു ന്നവർ വഴിയിൽ ഇക്കാര്യത്തിലൊരു ടെൻഷനില്ലാതെ യാത്ര തുട രാം. എല്ലാവരും ഹരിശ്ചന്ദ്രന്മാരാണെന്നല്ല ഉദ്ദേശിച്ചത്.

ഹരിദ്വാരിലൂടെ ഋഷികേശിലെത്തിയപ്പോൾ രാത്രി ഏകദേശം 8.30 ആയിരുന്നു. ഗംഗക്കു കുറുകെയുള്ള ബോട്ട് 7 മണിക്ക് യാത്ര അവ സാനിപ്പിക്കുന്നതിനാൽ റാംഝൂലാ എന്ന കമ്പിപ്പാലത്തിലൂടെ നടന്ന പ്പുറത്തേക്കു കടന്നു. കയ്യിലുള്ള ബാഗുകളെല്ലാം എടുക്കാൻ കൂലി ക്കാരുണ്ടായിരുന്നു. നോക്കുകൂലിയും, കൈമടക്കും, ഒന്നുമില്ലായിരു ന്നു. മൂന്നു ബാഗുകളുണ്ടായിരുന്നു. 150 രൂപ ഭാഗീകമായി കൈവണ്ടി യിലും പിന്നെ തലച്ചുമടായും കൊണ്ടുപോകാനായി കൊടുത്തു. ഇവി ടെയും സംഘടിത തൊഴിലാളി വർഗമൊന്നും കണ്ടില്ല. ഒരാൾ തയ്യാ റായില്ലെങ്കിൽ ഞങ്ങൾ ഒറ്റക്കെട്ടാണേ എന്നു പറയുന്നവരേയും കണ്ടില്ല. പലരുടേയുമടുത്ത് വിലപേശാൻ അവസരമുണ്ട്.

ഞങ്ങളുടെ യാത്ര കഴിഞ്ഞുള്ള മടക്കത്തിൽ ഞങ്ങൾ നാലുപേരുടെ ബാഗുണ്ടായിരുന്നു. രാവിലെ രണ്ടരമണിക്കായിരുന്നു ഒരു ചുമട്ടുതൊ ഴിലാളി വണ്ടിയും കൊണ്ടുവന്നത്. കോച്ചിവലിക്കുന്ന ഗംഗയിൽ നിന്ന ടിക്കുന്ന കാറ്റത്തും അയാൾ ചോദിച്ചത് 200 രൂപയായിരുന്നു. പറഞ്ഞ തിൽ നിന്ന് ഒരിഞ്ച് അയാൾ മാറിയില്ല എന്നതിൽ സത്യത്തിൽ ആഹ്ലാ ദംതോന്നി. ഒന്നരകിലോമീറ്റർ കയറ്റവും ഇറക്കവും പാലവും, നാലു പേരുടെ ഏഴുബാഗുകളും ചേർത്ത് രാവിലെ രണ്ടരക്കുണർന്ന്, വീട്ടിൽപോലും പോകാതെ ഞങ്ങളുടെ താമസസ്ഥലത്തിനടുത്ത് റോഡിൽ, സ്വന്തം കൈവണ്ടിയിൽ കിടന്ന്, മൊബൈലിൽ ഞങ്ങൾ വിളിച്ച ഉടനേ വന്ന അയാളാണ് 200 രൂപ ആവശ്യപ്പെട്ടത്. ഇത് മാറുന്ന തൊഴിലാളി സംസ്കാരമായിട്ടെനിക്കുതോന്നി. കേരളത്തിൽ നിന്ന് ഭിന്ന മായ ഒന്ന്.

**പരമാർത്ഥനികേതനിലെ വാസം**

കോരിച്ചൊരിയുന്ന മഴയത്ത് കാറിൽ നിന്നിറങ്ങി ഡ്രൈവർക്ക് ഒരു നൂറുരൂപയും കൊടുത്ത് മേൽവിവരിച്ചപ്രകാരം ചുമട്ടുതൊഴിലാളിയുടെ സഹായത്തോടെ പരമാർത്ഥനികേതനിലെത്തി. നന്മനിറഞ്ഞ ആശ്ര മാന്തരീക്ഷം. ആ നിര മുഴുവനും ഏതാണ്ട് മൂന്നുനാലു കിലോ മീറ്റർ ഗംഗാതീരത്ത് പൂർണമായും ആശ്രമങ്ങളാണ്. ഇടയ്ക്കിടക്ക് കുറേ കടകളുമുണ്ട്. മദ്യവും മാംസവുമൊഴികെയുള്ള പല പല സാധനങ്ങളും



Scanned with CamScanner

വിൽക്കുന്ന കടകൾക്കിടയിലൂടെ ലക്ഷ്യത്തിലെത്തി. നല്ലതണുപ്പും വിശപ്പുമുണ്ടായിരുന്നതിനാൽ നേരെ എന്നെ ഭക്ഷണ ശാലയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഭക്ഷണവും കഴിച്ച് ആശ്വാസത്തോടെ ഇറങ്ങിയപ്പോൾ രണ്ടുവർഷം മുമ്പ് വന്ന പരമാർത്ഥനികേതൻ ചൈതന്യവത്തായി നിലകൊള്ളുന്നു. സമയമുണ്ടായിരുന്നതിനാലും ക്ഷീണമില്ലാതിരുന്നതിനാലും ഗംഗാമാതാവിനെ കാണാൻ അതിയായ ആഗ്രഹം തോന്നിയതിനാലും ഭക്ഷണം കഴിച്ച് ഞാൻ പരാമർത്ഥ നികേതന്റെ ചുറ്റും നടന്നു.

ഒരു സാധാരണ കേരളീയന്റെ മനസ്സിൽ ആശ്രമം, സന്യാസി, ഋഷീകേശം, ഹരിദ്വാരം എന്നെല്ലാം കേൾക്കുമ്പോൾ ഉണ്ടാകുന്ന പഴയ ആത്മീയതയുടെ ചിത്രമൊന്നുമല്ല അവിടെയുള്ളത്. അത്യാധുനിക കോൺക്രീറ്റ് കെട്ടിടങ്ങൾ. വൃത്തിയും വെടിപ്പുമുള്ളത്. എ.സി. ഉള്ളതും ഇല്ലാത്തതും. അത്യാധുനിക ഇന്ത്യൻ / യൂറോപ്യൻ ക്ലോസെറ്റുകളും ഗീസറുമുള്ള കുളിമുറികൾ. നല്ല കിടക്ക ആവശ്യത്തിന് പുതക്കാനുള്ള വസ്ത്രങ്ങൾ വൃത്തിയുടെ മൂർത്തിമത്ഭാവമാണത്. നമുക്കു കുളിക്കാനുള്ള തോർത്തും, സോപ്പും ആശ്രമത്തിൽ നിന്ന് ഫ്രീയാണ്. ആശ്രമത്തിന്റെ ചുറ്റും നടന്നുകണ്ടു. വാർഷിക മെയിന്റനൻസും പെയിന്റിംഗും തിരുതകൃതിയായി നടക്കുന്നു. തരക്കേടില്ലാത്ത ആശ്രമ സെക്യൂരിറ്റിയല്ലാതെ നിയമപാലനത്തിനും സമാധാനം നിലനിർത്താനും ഒരു പോലീസ് സേനാ വിന്യാസവും കണ്ടില്ല. ആയിരക്കണക്കിന് വിദേശികളുണ്ടായിരുന്നിട്ടും!

ആശ്രമത്തിൽ നിന്നു പുറത്തിറങ്ങി റോഡിലൂടെ എല്ലാ ദിവസവുമുള്ള നടത്തത്തിന്റെ ഉദ്ഘാടനം ആദ്യദിവസംതന്നെ നടത്തി. രണ്ടുവർഷം മുമ്പ് ഏതാണ്ട് ഇതേ കാലത്ത് ഇവിടെ വന്നിരുന്നു. അതുപോലെ ഒരു മുപ്പതുവർഷത്തിനു മുമ്പും വന്നിരുന്നു. അതിൽ എടുത്തു പറയേണ്ടത് രണ്ടുവർഷം മുമ്പ് ഇവിടെ വന്നുകണ്ടപ്പോൾ റോഡുകളും ചുറ്റുമുള്ള കടകളും കുറേയേറെ വൃത്തിഹീനമായിരുന്നു, മനുഷ്യമലം, മൂത്രം വിരളമായിരുന്നില്ല. ഇന്നത്തെ ദൃശ്യം പൂർണമായും ഭിന്നമാണ്. നല്ലവൃത്തിയുള്ള റോഡുകൾ വളരെയേറെ വീതിയില്ലെങ്കിലും, സ്കൂട്ടർ യാത്രക്കു മാത്രം ഉപയോഗിക്കുന്നു. ഇടയ്ക്കിടയ്ക്ക് കുറേ ചാണകമുണ്ടായിരുന്നു. പ്ലാസ്റ്റിക് പൂർണമായും നിരോധിച്ചിരിക്കുന്നതിനാൽ അത്തരത്തിലുള്ള ചപ്പുചവറുകളില്ല. ഗംഗാജലംകൊണ്ട് പോകുന്നതിനായി പ്ലാസ്റ്റിക് കണ്ടെയിനറുകളുള്ളതൊഴികെ ബാക്കിയെല്ലാ പേപ്പറിന്റേയും തുണിയുടേയും സഞ്ചികളാണ്.

ഏതാണ്ട് ഒരു ഡസനോളം അലഞ്ഞുനടക്കുന്ന പശുക്കളുണ്ടായിരുന്നത് പ്രത്യക്ഷമായി ചാണക പ്രശ്നം സൃഷ്ടിച്ചിരുന്നു. പേപ്പറുകളും



Scanned with CamScanner

പഴത്തൊലികളും മറ്റുമെല്ലാം അവയ്ക്കായി കച്ചവടക്കാർ മാറ്റിവെയ്ക്കുമ്പോൾ പരോക്ഷമായി റോഡ് ശുചീകരണ ജോലിക്കാരായി ഈ ജന്തുക്കളും അവയുടെ കർത്തവ്യം ചെയ്യുന്നതുകണ്ടു! ഓരോ ആശ്രമവും കടക്കാരും അവരുടെ മുമ്പിലുള്ള റോഡ് വൃത്തിയായി സൂക്ഷിച്ചിരുന്ന കാഴ്ച വികസിത രാഷ്ട്രനിലവാരംപോലെ തോന്നി. ഇതെല്ലാം നോക്കി രാത്രിയിലെ തണുപ്പിൽ ഒരു വഴിച്ചായയും കുടിച്ച് മുറിയിൽ പോയി ഒന്നാം ദിവസം ഋഷികേശിൽ കിടന്നുറങ്ങി.

**ആയുർവേദ സെമിനാറിന്റെ ആരംഭം**

അന്തർദേശീയ സെമിനാറിന്റെ നിലവാരം പുലർത്തുന്ന സംവിധാനത്തോടെയായിരുന്നു താമസസൗകര്യം. ആത്മീയത നിറഞ്ഞു തുളുമ്പുന്ന ആശ്രമാന്തരീക്ഷത്തിൽ, കൃഷ്ണനും, രാമനും ഭാരതീയ പുരാണ ഇതിഹാസ കഥാപാത്രങ്ങളും സംഭവങ്ങളും നിറഞ്ഞുതുളുമ്പുന്ന ആശ്രമ പരിസരത്തിൽ ഏകദേശം നൂറ്റമ്പതോളം വിദേശികളും അതിലൽപം കൂടുതൽ സ്വദേശികളും ദേശവിദേശങ്ങളിൽ നിന്ന് വന്നവരായിട്ടുണ്ടായിരുന്നു. അതിൽ ഏതാണ്ടെല്ലാവരും തലേദിവസം വിസ്തരിച്ച് നടന്ന പൂജകളിലും ഹോമങ്ങളിലും പങ്കെടുത്തിരുന്നവരാണ്. അതിരാവിലെയുള്ള തണുപ്പും, തലേദിവസത്തെ ശക്തമായ മഴയുടേയുംകാറ്റിന്റേയും വകയായി കൂടുതലായനുഭവപ്പെട്ട നനവിന്റെ സംഭാവനയുംകൂടിയ പ്രഭാതം. ഈ കാലാവസ്ഥയും തളർത്താതെ 25 രാജ്യങ്ങളിൽ നിന്നുവന്ന സെമിനാറിന്റെ പ്രതിനിധികളിൽ ധാരാളം പേർ അതിരാവിലത്തെ ധന്വന്തരിഹോമത്തിലും പൂജയിലും പങ്കെടുത്തു. പാന്റും, ഷർട്ടും, സ്വെറ്ററും, ചിലർ ഓവർക്കോട്ടും ഇട്ടുകൊണ്ടായിരുന്നു ധന്വന്തരീ ഹോമത്തിൽ പങ്കെടുത്തത്. ദേശീയവും അന്തർദേശീയവുമായി നടക്കുന്ന ആയുർവേദ സെമിനാറുകളിൽ നിന്നും ഭിന്നമായ, തികച്ചും ഭാരതീയമായ അന്തരീക്ഷത്തിലും മന്ത്രധ്വനി മുഴങ്ങുന്ന വേദിയിലുമായിരുന്നു സെമിനാറിന്റെ ഒന്നാമത്തെ സൂര്യോദയം എന്നു പറയാതെവയ്യ.

ഞാനും പ്രഭാതത്തിൽ അഞ്ചിനുണർന്ന് പതിവു മന്ത്രജപങ്ങളെല്ലാം കഴിച്ച്, പൂജാഹവനവേദിയിൽ അല്പസമയം ചിലവഴിച്ച്, മലകൾക്കിടയിലൂടെ ഉയർന്നുവരുന്ന സൂര്യദേവനെ നോക്കി പ്രകൃതിയുടെ മനോഹാരിതയാസ്വദിച്ചുകൊണ്ട് ഗംഗാതീരത്തിരുന്നു.

തലേദിവസം രാത്രി കാണാനാകാത്ത അത്യത്ഭുതക്കാഴ്ചയാണു കിലോമീറ്ററുകണക്കിനു ദൂരത്തിൽ കണ്ടത്. ഗംഗാതീരത്ത് രണ്ടു വശത്തുമുള്ള ആശ്രമങ്ങളുടെ നേതൃത്വത്തിൽ, ഗംഗയുടെ രണ്ടുകരകളും നല്ല മാർബിൾ കൊണ്ടു പൊതിഞ്ഞിരിക്കുന്നു. ഒറ്റനോട്ടത്തിൽ, ആ

വൃത്തിയായ കൽപടവുകളിലും വരാന്തകളിലും ജീവിതാന്ത്യം വരെ കിടന്നുറങ്ങാനോ നിരന്തരം എല്ലാം മറന്ന് ധ്യാനിച്ചിരിക്കാനോ ആഗ്രഹിക്കാത്തവരുണ്ടാകില്ല. ഇതു രണ്ടും വേണ്ടാത്തവർക്ക് ഗതകാല സ്മരണകളയവിറക്കാൻ ഇതിനേക്കാൾ പറ്റിയ മറ്റൊരന്തരീക്ഷം ലഭിക്കില്ല. സ്ഥലവും ലഭിക്കില്ല, പരിശുദ്ധിയും ലഭ്യമാകില്ല.

പ്രഭാതഭക്ഷണത്തിനു മുമ്പ് വളരെയേറെ വൃത്തിയുള്ള ഇടുങ്ങിയ റോഡിലൂടെ നടന്നു. കഴിഞ്ഞ പ്രാവശ്യം വന്നതിൽ നിന്ന് നൂറിരട്ടി വൃത്തിയുള്ള റോഡുകൾ, പരിസരം, കൽപടവുകൾ, വരാന്തപോലെയുള്ള ഗംഗയുടെ കരകൾ. പണ്ടുകണ്ട ഒരൊറ്റ പിച്ചക്കാരനിവിടെയില്ല. ഒരുവനും മറ്റൊരുവന്റെ മുമ്പിൽ കയ്നീട്ടുന്നില്ല. എങ്കിലും കാവിയുടുത്ത കുറേപേർ വഴിയാത്രക്കാർപോകുമ്പോൾ 'രാം രാം' എന്നു പറയുന്നുണ്ടായിരുന്നത്, ഭിക്ഷാ സഹായത്തിനായിത്തന്നെയാണ്. അവർ മുമ്പിലൊരു ഗ്ലാസും വെച്ചിരിക്കുന്ന കാഴ്ചകണ്ടു. അറപ്പും വെറുപ്പും തോന്നാത്ത വസ്ത്രധാരണയും പെരുമാറ്റവുമായിരുന്നു അവരുടേത്. എട്ടുമണിയോടെ പ്രഭാതഭക്ഷണം കഴിഞ്ഞ് സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. എല്ലാം തുടങ്ങുതേയുള്ളൂ. കഴിഞ്ഞ ദിവസം രാത്രിയിലും ഈ ദിവസം അതിരാവിലേയും എത്തിയവരുണ്ട്. പലരും കഴിഞ്ഞ രണ്ടു അന്താരാഷ്ട്ര സെമിനാറിലും പങ്കെടുക്കാത്തവരാണ്. ഒരു സെമിനാറിലും പങ്കെടുക്കാത്ത അനവധി പേരുമുണ്ട്. അതിലധികവും വിദ്യാർത്ഥികളാണ്. ആയുർവേദ വിദ്യാർത്ഥികളാണെന്ന അപകർഷത അൽപമുള്ളവരാണ് കൂടുതലെന്ന് തോന്നി. എന്റെ തോന്നൽ ശരിയാകണമെന്നില്ല.

**സെമിനാറിന്റെ ഉദ്ഘാടന സമ്മേളനം**

ഏതൊരു സെമിനാറിലും കൃത്യത പാലിക്കുക എന്നത് വിദേശിയരുടെ സ്വഭാവമാണെന്ന് എല്ലാവർക്കുമറിയാം. അപ്രകാരമല്ല പൊതുവെ ഇന്ത്യയിലെന്നുമറിയാം. അതുകൊണ്ടുതന്നെ നമ്മെ നാം കളിയാക്കാറുള്ള 'ഇന്ത്യൻ ടൈം' എന്ന് ഇവിടെ ആരും പറയുന്നതു കേട്ടില്ല. കാരണം കൃത്യസമയത്ത് ഉദ്ഘാടന സമ്മേളനം തുടങ്ങി. ആവശ്യമില്ലാത്ത ഒരു ആഡംബരവും അവിടെ ഉണ്ടായിരുന്നില്ല. സ്റ്റേജിൽ നിറഞ്ഞിരിക്കുന്ന സംഘാടകരും വി.ഐ.പികളുമുണ്ടായിരുന്നില്ല. ഉത്തരാഞ്ചൽ മുഖ്യമന്ത്രി എന്തോ കാരണത്താൽ വൈകുന്നേരമേ വരുകയുള്ളു എന്നറിയിച്ചതിനാൽ സ്റ്റേജിൽ ഒരു ജൈനമുനിയും, പരമാർത്ഥ നികേതനിലെ പരമാചാര്യൻ സദാനന്ദസരസ്വതി മഹാരാജും, മാതാ ഗായത്രിദേവി എന്ന (സ്വാമിയുടെ ശിഷ്യയായ) വിദേശവനിതയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതെല്ലാം സംഘടിപ്പിക്കുന്ന പൂനർനവ



Scanned with CamScanner

ആയുർവേദ ഫാർമസിയുടെ ഡയറക്ടർ ഡോ. രാംകുമാറും സ്റ്റേജിലുണ്ടായിരുന്നില്ല. വീരസിംഹാസനങ്ങളുമുണ്ടായിരുന്നില്ല. തറയിൽ വിരിച്ച ഒരു മെത്തയിലവരെല്ലാമിരുന്നു. പരമാർത്ഥ നികേതനിലെ വേദവിദ്യാർത്ഥികളിൽ പത്തിരുപത്തിയഞ്ചുപേർ ചേർന്ന് വേദമന്ത്രാലാപനം നടത്തി. അതിസുന്ദരമായ കാവിയുമുടുത്ത് തിളങ്ങുന്ന തേജസ്വികളായ വിദ്യാർത്ഥികളെ കാണാനും അവരുടെ ഉത്തരഭാരത ശൈലിയിലുള്ള മന്ത്രാലാപനം കേൾക്കാനും രസമായിരുന്നു. ശാന്തമായ സദസ്. പാശ്ചാത്യ സെമിനാറുകളുടെ കൃത്യനിഷ്ഠയും പക്വതയും പ്രദർശിപ്പിച്ച സദസ്. ഇന്ത്യാക്കാർക്കും ഇത്തരത്തിലുള്ള ശാസ്ത്ര സെമിനാറുകൾ പ്രദർശനാത്മകമല്ലാതെ ലളിതഗംഭീരമായി നടത്താൻ സാധിക്കുമെന്ന കാഴ്ച ആത്മാഭിമാനം തോന്നിക്കുന്നതായിരുന്നു. അത്യാധുനിക വിഷയം പോലും മൂല്യാധിഷ്ഠിത രീതിയിൽ ആത്മീയതയും ചേർത്ത് പ്രകടനാത്മകമാകാതെ എങ്ങിനെ നടത്താമെന്ന് ഉദ്ഘാടന സമ്മേളനത്തിൽ ദർശിച്ചു. ഭാരതീയ സംസ്കാരവും അതിലെ നന്മകൾ പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകതയും പ്രഭാഷകരുടെ വാക്കുകളിൽ മുഴച്ചു നിന്നു. സദസ്യർ ജാതി-മത-രാഷ്ട്ര-ഭാഷകൾക്കതീതമായി അതെല്ലാം സ്വീകരിച്ചതുപോലെ തോന്നി. കൃത്യം 11 മണിക്ക് മുൻകൂട്ടി നിശ്ചയിച്ചിരുന്ന സമയത്തുതന്നെ ഉദ്ഘാടന സമ്മേളനം കഴിഞ്ഞു. ഒരു യാത്രാവിവരണത്തിൽ ഇത്രയും ഞാനെഴുതിയത്; ഭാരതം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നതിന്റെ സൂചനയിതിലൂടെയും വ്യക്തമായിരുന്നു എന്നറിയിക്കാനാണ്.

കേന്ദ്ര ഗവൺമെന്റിന്റേയും മറ്റു ദേശവിദേശ സംഘടനകളുടേയും സഹായമുണ്ടായിരുന്ന ഈ സെമിനാറിൽ ഇന്ത്യാക്കാരല്ലാത്ത അനവധിപേരും എല്ലാവിധ സഹായ സഹകരണങ്ങളും നൽകിയിരുന്നു. 'മതേതരത്വ രാജ്യത്തിൽ' അതിഗഹനമായ ആയുർവേദ സെമിനാറിൽ കുറേ മന്ത്രങ്ങൾ ചൊല്ലി എന്നതുകൊണ്ടോ കുറേയധികം സന്യാസിശ്രേഷ്ഠന്മാർ പങ്കെടുത്ത് ഉദ്ഘാടനപ്രസംഗം ചെയ്തു എന്നതുകൊണ്ടോ അതിഗഹനമായ ആത്മീയതയിൽ പ്രായോഗികവും താത്വീകവുമായ പ്രഭാഷണങ്ങളും ധ്യാനപന്ഥാവുകളും പരിചയപ്പെടുത്തി എന്നതുകൊണ്ടോ ആകാശം ഇടിഞ്ഞുവീഴില്ല എന്നതിന് തെളിവായിരുന്നു, ഈ സെമിനാർ. ഇതിന്റെ ഭാഗമായിരുന്നു ധന്വന്തരി പൂജയും ഹോമവും! അവിടെ വന്ന് നേരിൽ കണ്ട കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് ഇതിന്റെയെല്ലാം ആവശ്യകത പ്രത്യക്ഷമായി ബോധ്യപ്പെടുകയും ചെയ്തു.

ഈ ലഘുപുസ്തകത്തിൽ ഇതെല്ലാം കുറിക്കുന്നത് നമ്മുടെയെല്ലാം



Scanned with CamScanner

മനസ്സിലുള്ള ഈ ധാരണകളും തെറ്റിദ്ധാരണകളും മാറ്റാനുള്ള ഒരു ശ്രമം നടത്തണമെന്ന ആഗ്രഹം കൊണ്ടാണ്. ഒരു അന്തർദേശീയ സെമിനാറിൽ അതിഗംഭീരപ്രസംഗം, ടൈയ്യും, സ്യൂട്ടും, കോട്ടും, ഓവർകോട്ടും ചുണ്ടിൽ പൈപ്പും വെച്ചു നടത്താം, വൈകുന്നേരങ്ങളിൽ കോക്ടെയിലുമെല്ലാം ഉണ്ടാകണം, പ്രാർത്ഥനപോലും പാടില്ല, വിളക്കുകൊളുത്തുന്നതുപോലും മതേതരത്വമാക്കാൻ മെഴുകുതിരിയുപയോഗിച്ചുവേണം നടത്താൻ. ഇതൊക്കെയാണ് കേരളത്തിലെ ധാരാളം ശാസ്ത്രജ്ഞന്മാർ ധരിച്ചുവെച്ചിരിക്കുന്നത്. അതിന്നെല്ലാം അതീതമായി സംഘാടകർപോലും ഒറ്റമുണ്ടുടുത്തുകൊണ്ട് സദസ്സിലിരുന്നു. പല പ്രഗത്ഭരായ പാശ്ചാത്യ പണ്ഡിതരും ഒന്നുകിൽ പൈജാമ അല്ലെങ്കിൽ മുണ്ടും ജുബ്ബയുമിട്ടുകൊണ്ട് ധന്വന്തരി ഹോമത്തിന്റെ ഭസ്മവും പൂജയുടെ ചന്ദനവും കുങ്കുമവും നെറ്റിയിലണിഞ്ഞിരുന്നു. ഭാരതീയരേക്കാൾ ഭാരതീയരായ പാശ്ചാത്യരും ഭാരതീയരും ആയുർവേദ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്ത ഈ കാഴ്ച മനോഹരമായിരുന്നു.

**ഉദ്ഘാടനസമ്മേളനം കഴിഞ്ഞ്.....**

ശുദ്ധ ആയുർവേദ വിധിപ്രകാരമായിരുന്നു ഭക്ഷ്യ വിഭവങ്ങൾ തയ്യാറാക്കിയിരുന്നത്. അപ്രകാരം ഭക്ഷണം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വമാകട്ടെ ഡോ. ടിം മിറ്റ്ഷൽ എന്ന ഇംഗ്ലീഷുകാരന്റേതായിരുന്നു. അത്തരത്തിലൊരു പ്രഭാത ഭക്ഷണവും ഉദ്ഘാടനാനന്തര ചായയും കഴിഞ്ഞ ഡോ. റോബർട്ട് സുബോധക്ക് ഒരു അനുമോദനവുണ്ടായിരുന്നു. ഭാരതത്തിൽ വന്ന് ആയുർവേദം പഠിച്ച് ബിരുദം നേടിയ ആദ്യത്തെ അമേരിക്കക്കാരനാണദ്ദേഹമെന്നു തോന്നുന്നു. അതിശക്തനായ ഹനുമത് ഭക്തൻ. ഭാരതീയ തത്വശാസ്ത്രങ്ങൾ നല്ല വണ്ണം അറിയാവുന്നവ്യക്തി. എല്ലാ ആയുർവേദ പ്രഭാഷണങ്ങളും ഭാരതീയ ആത്മീയത ചേർത്തുപറയുന്ന അദ്ദേഹം ശിഷ്ടകാല ജീവിതം പൂർണഹിന്ദുവായി അനേകം തീർത്ഥങ്ങളിൽ സ്നാനംചെയ്ത് ഭാരതത്തിൽ ഒരു കാട്ടിൽ വാനപ്രസ്ഥനായി പോകാനൊരുമ്പെടുകയാണ്. അതിനുമുമ്പുള്ള അവസാനത്തെ പൊതുപരിപാടിയായതിനാൽ അതിന്റെ ഒരു ആശംസപോലെയുള്ള സന്ദേശം നൽകാനുള്ള അവസരം എനിക്കായിരുന്നു.

പല പല വേദ സന്ദേശങ്ങളുമുദ്ധരിച്ച് ഞാനഞ്ചുമിനിറ്റു സംസാരിച്ചു. അതിനുശേഷം 'വാനപ്രസ്ഥം' അദ്ദേഹത്തിനെ പോലൊരുവനു ചേർന്നതല്ലെന്നും അമേരിക്കൻ സായിപ്പ് ഭാരതത്തിൽ വന്ന് ആയുർവേദവും യോഗയും ഭക്തിയുമെല്ലാം പറഞ്ഞാൽ ഇവിടത്തുകാർക്ക്



Scanned with CamScanner

അതൊരു നല്ല സന്ദേശമായിരിക്കുമെന്നും ഞാൻ പറഞ്ഞു. സ്വാർത്ഥതക്കായും മോക്ഷത്തിനായും വാനപ്രസ്ഥം സ്വീകരിക്കരുതെന്നും ഞാൻ ശക്തമായ ഭാഷയിൽ നിർദ്ദേശിച്ചു. ശങ്കരാചാര്യനും, സ്വാമി വിവേകാനന്ദനും, അരവിന്ദമഹർഷിയും, രമണമഹർഷിയും രാമകൃഷ്ണ പരമഹംസനുമൊന്നും വാനപ്രസ്ഥം നടത്താതെ അതിനേക്കാളുയർന്നവരായിത്തീർന്നവരാണെന്നും പറഞ്ഞപ്പോൾ ഡോ. സുബോധ ഞാൻ പറഞ്ഞത് അംഗീകരിച്ചതായി പറഞ്ഞു.

ധാരാളം അമേരിക്കക്കാർ ഭാരതീയ പൈതൃകത്തിന്റെ അതിഗഹനമായ തലത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനുദാഹരണമാണ് ഇദ്ദേഹം. അദ്ദേഹത്തിനെപ്പോലെ ആ സദസ്സിലിരുന്ന പലരും ഇവിടെ വരാത്ത പലരും, ഭാരതീയമായ മറ്റു പൈതൃക വിഷയങ്ങൾ പഠിക്കാനായി വരുന്നവരുമെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. ലോകം ഭാരതത്തിലേക്കു നോക്കുന്നതിനുദാഹരങ്ങളാണിവിടെ നിരന്തരം കണ്ടത്.

അടുത്ത പ്രഭാഷണത്തിന്റെ ഒരു ഭാഗം ശ്രവിച്ച് ഞാൻ ഋഷികേശിലെ പല ആശ്രമങ്ങളും കാണുവാനായിട്ടിറങ്ങി. ആയുർവേദത്തിന്റെ കർമ്മമണ്ഡലമല്ലാത്തതിനാലും സഹപ്രവർത്തകരെന്നു പറയാനാരുമില്ലാത്തതിനാലും സദസ്സിലുള്ളവരോ ക്ഷണിതാക്കളോ പ്രഭാഷണം നടത്തുമ്പോഴും പ്രബന്ധമവതരിപ്പിക്കുമ്പോഴും ഞാനിരിക്കണമെന്നു നിർബന്ധമില്ലല്ലോ.

ഞാൻ ഋഷികേശിലൂടെ നടന്നു. പരമാർത്ഥ നികേതനിലൂടെയുള്ള വഴിയിൽ അനവധി ചായക്കടകളിലും കൂടാതെ സൈക്കിൾ ചക്രം ഘടിപ്പിച്ച വണ്ടികളിലും രാവിലെ 5.30 മുതൽക്ക് വൈകുന്നേരം 8.00 മണിവരെ ചായയുണ്ട്. തണുപ്പത്ത് ചായ കുടിക്കണമെന്നു തോന്നുന്നവരായിരിക്കും ഭൂരിപക്ഷവും. ചുണ്ടും നാക്കും പൊള്ളുന്ന ചായ വൃത്തിയായ ഗ്ലാസിൽ വൃത്തിയായി അപ്പപ്പോളുണ്ടാക്കി തരുന്നത് കുടിക്കാൻ ധാരാളമാളുകളുണ്ടായിരുന്നു. എനിക്കു ചായ ഒഴിച്ചുകൂടാൻ വയ്യാത്ത സാധനമൊന്നുമല്ലെങ്കിലും നല്ല തണുപ്പത്ത് ഇടക്കിടക്കു ചായ കുടിക്കുമ്പോൾ ഒരു സുഖവും സന്തോഷവും. ഒരൊറ്റ ഈച്ചയോ പാറ്റയോ ഇല്ലാത്ത ചെറുതും ഇടത്തരവുമായ ധാരാളം ഹോട്ടലുകളുമുണ്ടിവിടെ. പിന്നെ ഒന്നു രണ്ടു വലിയ ഹോട്ടലുകളും. എല്ലായിടത്തും വിലയെഴുതിവച്ചിട്ടുണ്ട്. സ്പെഷ്യൽ വേണമെങ്കിൽ വില ചോദിച്ചറിയുകയുമാകാം. സമോസയും, പക്കവടയും ചൂടായും എപ്പോഴും ലഭ്യമാണ്. വൻ സ്വർണ്ണക്കടയൊഴികെ രുദ്രാക്ഷം മുതൽക്ക് ബാക്കിയെല്ലാം ഈ ഗംഗാതീരത്തെ വഴിയിലുണ്ട്. എറണാകുളത്തെ ബ്രോഡ്‌വേ പോലെയെന്നു പറയുന്നതാവും ശരി. രണ്ടുവശത്തും കടകൾ നിരനി



Scanned with CamScanner

രയാട്ടിട്ടുണ്ട്. ചില സ്ഥലത്ത് ഒരുവശത്ത് ഗംഗയിലേക്കിറങ്ങാനുള്ള നൂറുകണക്കിനു മീറ്ററിൽ മാർബിൾ വിരിച്ച കടവ് മറുവശത്ത് കടകൾ. കടകൾക്കിടക്ക് ആശ്രമങ്ങളിലേക്കു കടക്കാനുള്ള ഗേറ്റുകൾ. കേരളത്തിലെ ഏതു കടയിൽ നിന്ന് എന്തുവാങ്ങുന്നതിനേക്കാളും കാര്യമായ വിലക്കുറവ് എല്ലാത്തിനുമിവിടെയുണ്ടായിരുന്നു. കാര്യമായ വില പേശൽ ഒരിടത്തും കണ്ടില്ല. അങ്ങിനെ ചെയ്യുന്നവരില്ലെന്നല്ല. ഒരേ വില പല ആവർത്തി ഉറപ്പിച്ചു പറയുന്ന കടക്കാരുമുണ്ട്. നിർബന്ധബുദ്ധിയോടെ വില കുറപ്പിക്കാൻ ശ്രമിക്കുന്നതിനു മുമ്പുതന്നെ അഞ്ചു രൂപയും മറ്റും കുറക്കുന്നു എന്ന് സ്വയം അറിയിച്ചുവിൽക്കുന്ന കടക്കാരും മുന്നൂറും നാന്നൂറും രൂപക്ക് പത്തോ പതിനഞ്ചോ രൂപ കുറച്ച് റൗണ്ട് ഫിഗറാക്കാനുള്ള നിർബന്ധമനുസരിക്കുന്ന കടക്കാരേയും കണ്ടപ്പോൾ ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഈ നാട് ഇത്രയധികം വ്യത്യാസപ്പെട്ടോ എന്നു തോന്നി. പലകടക്കാരും ആവർത്തിച്ചു പറയുന്നതുകേട്ടു ഇതു പുണ്യദേവ ഭൂമിയാണ്, ഗംഗാമയ്യായുടെ ഭൂമി, ഗംഗാതീരം. ഇവിടെ ഞങ്ങൾ നിങ്ങളെപറ്റിച്ചാൽ ഏതു നരകത്തിലേക്കാണു പോകേണ്ടിവരുക. ഇനിയും നിങ്ങളിവിടെ വരേണ്ടവരല്ലേ?

ആദ്യമാദ്യം അൽപം സംശയത്തോടെയാണ് ഞാൻ നടന്നത്. എങ്കിലും വിവിധ പ്രായക്കാരയ സ്ത്രീപുരുഷന്മാരും വിദേശികളും (ആയിരക്കണക്കിനു വരുന്നു അവരുടെ എണ്ണം) സർവ്വത്ര സ്വതന്ത്രരായി നടക്കുന്ന കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. പല പല ചായക്കടകളിലും അവർ ഒരുമിച്ചിരുന്നു പലതും ചർച്ച ചെയ്യുന്നു. കുറച്ചുകാലം കാനഡയിലും, അമേരിക്കയിലും ഏതാനും ആഴ്ചകൾ ഇംഗ്ലണ്ടിലും ആസ്ട്രേലിയയിലും താമസിക്കാൻ ഈശ്വരാനുഗ്രഹമുണ്ടായപ്പോൾ അവിടങ്ങളിലെ ഹോട്ടലുകളിൽ അവിടത്തുകാർ ഇരുന്നു കാര്യങ്ങൾ ചർച്ച ചെയ്യുന്ന അതേരീതി, ഭാരതത്തിൽ എനിക്കു കാണാൻ സാധിച്ചത് ഋഷികേശിൽ മാത്രമാണ്. അതെല്ലാം കൺകുളുർക്കെ കണ്ടു.

വിദേശികളെ തുറിച്ചു നോക്കുന്നവരിവിടെയില്ല. അവരുടെ മുമ്പിൽ പിച്ച ചോദിക്കുന്നവരെകണ്ടില്ല. വിദേശികളേയും സ്വദേശികളേയും മാടിവിളിക്കുന്ന കടക്കാരെയും കണ്ടില്ല. എല്ലാവരേയുംപോലെ എല്ലാവരേയും സ്വാഗതം ചെയ്യുന്നവരെ ഞാൻ കണ്ടു. ഞാനവർക്കാർക്കും പരിചിതനല്ല. ഞാൻ അവിടെ പുതിയവനായ വരത്തൻ തന്നെയായിരുന്നു. എനിക്കു ലഭിച്ച സ്വീകരണവും എന്നോടുകാണിച്ച മനോഭാവവുമാണ് അവിടത്തെയെല്ലാവരും എല്ലാവരോടും കാണിക്കുന്നതായി ഞാൻ കണ്ടു. വഴിയോര കച്ചവടക്കാരും ഒരേ വിലതന്നെപറയുന്നതു കണ്ടു, അതുഞാൻ കേട്ടു. പഴങ്ങളും, മുന്തിരിയും, കാരറ്റും, റാഡിഷ്യു



Scanned with CamScanner

മെല്ലാം തുറന്നുവച്ചിരിക്കുന്നു. നല്ല തണുപ്പായതിനാലാണെന്നു തോന്നുന്നു. അവയിലൊന്നിലും ഈച്ചകളില്ല.

വഴിയോര കാഴ്ച കണ്ട് ഞാൻ മടങ്ങി വന്ന്, ശുദ്ധ ആയുർവേദ ചൈതന്യമുള്ള (സവാളയും, ചെറിയ ഉള്ളിയും, വെളുത്തുള്ളിയും ചേർക്കാത്ത) ഉച്ചഭക്ഷണം കഴിച്ചു. എല്ലാവരും 'സ്വാദോടെ' കഴിക്കുന്നതു കണ്ടു. എല്ലാവർക്കും ഇഷ്ടപ്പെട്ടുവെങ്കിലും (?) എനിക്കത്ര പിടിച്ചില്ല. ഉപ്പിനുപകരം, ഇന്ദുപ്പും, എരിവും മുളകും തീരെ കുറച്ചതും നെയ്യും, ഇഞ്ചിയും മറ്റും ചേർന്നതുമായ ഭക്ഷണം എനിക്കാസ്വദിക്കാൻ സാധിച്ചില്ല. പ്രത്യേകിച്ച് ആദ്യത്തെ ദിവസം. എന്നാൽ തുടർ ദിവസങ്ങളിൽ വ്യത്യാസമുണ്ടായിരുന്നു. ചിലപ്പോൾ എന്നിൽ മാറ്റം വന്നതായിരിക്കാം?

മുറിയിൽ തിരിച്ചുവന്ന് അൽപമൊന്നു മയങ്ങി. എല്ലാ ദിവസവും 4 മണിക്കുള്ള എന്റെ ക്ലാസു തുടങ്ങി. പല വിഷയങ്ങൾ പല സ്ഥലങ്ങളിലായി ക്ലാസുകൾ നടക്കുന്നുണ്ടായിരുന്നതിനാൽ ഏതാണ്ട് പത്ത് നാൽപത് പേരാണ് ഗഹനമായ 'ഭാരതീയ തത്വശാസ്ത്രങ്ങൾ' എന്ന പേരിൽ ഞാൻ ക്ലാസെടുത്തതിൽ പങ്കെടുത്തത്. ക്ലാസു കഴിഞ്ഞ ഉടനെ ഗംഗാതീരത്ത് ആരതിയുണ്ടായിരുന്നു.

**ഗംഗാ ആരതി**

ശങ്കരാചാര്യൻ ഹരിദ്വാരിലാരംഭിച്ച അത്യാഹ്ലാദകരമായ ഒരു ചടങ്ങാണെന്നു തോന്നുന്നു ഗംഗാ ആരതി. ആയിരക്കണക്കിന് ദേശവിദേശികൾ പങ്കെടുക്കുന്ന ഒരു ഗംഗാപൂജയും പിന്നെ പങ്കെടുക്കുന്നവരിൽ ഭൂരിഭാഗവും ഒരുമിച്ചു ചേർന്ന് ചെയ്യുന്ന ഗംഗാ ആരതിയും! പരമാർത്ഥ നികേതനിലെ സ്വാമി ദയാനന്ദ മഹാരാജ് അത്തരത്തിലൊരുചടങ്ങ് എല്ലാ ദിവസവും സൂര്യാസ്തമയത്തിനു മുമ്പ് കുത്തിയൊലിക്കുന്ന ഗംഗാ തീരത്തിരുന്നുകൊണ്ടു ചെയ്യുന്നു. അതാണ് ഋഷികേശിലെ ഗംഗാ ആരതി.

പരമാർത്ഥ നികേതന്റെ മുൻവശത്തായി ഗംഗയിലേക്ക് ഇറക്കിക്കെട്ടിയിരിക്കുന്ന നൂറുകണക്കിന് മീറ്റർ കരയിലായി നീണ്ടു നിവർന്നും ഗംഗയുടെ ആഴം വരെയെത്തുന്നവിധത്തിലും മാർബിളിട്ടിട്ടുണ്ട്. അതാതാശ്രമക്കാർ അവരവരുടെ മുൻവശത്ത് ഗംഗാജലത്തിൽ കുളിക്കാനും, പൂജിക്കാനും, തർപ്പണം നടത്താനും സാധിക്കുന്ന വധത്തിലാണ് കൽപ്പടവുകൾ കെട്ടിയിരിക്കുന്നത്. അതിവൃത്തിയോടെ കിടന്നുറങ്ങാൻവരെ സാധിക്കുന്ന ചൈതന്യത്തോടെ കെട്ടിവെച്ചിരിക്കുന്ന മാർബിൾ തറയിൽ വച്ചാണ് പതിവുള്ള ഗംഗാ ആരതി. ഇത് പര

മാർത്ഥ നികേതനിലെ ഏതാണ്ട് നൂറോളം വേദവിദ്യാർത്ഥികൾ ചൈതന്യവത്തായ വസ്ത്രധാരണത്തോടെ ഹോമകുണ്ഡത്തിനു ചുറ്റുമിരുന്നാരംഭിക്കുന്നു. അവർക്കു പുറകിലായി ഭാരതീയരായ നൂറുകണക്കിനാൾക്കാരും. അതിനേക്കാൾ ഒട്ടും കുറവല്ലാത്ത വിദേശികളും. ആരുമാരേയും ആശ്രയിക്കാതെ ഒരൊറ്റ ഭൂമിയിലെ ഒറ്റ പൗരന്മാരെപ്പോലെ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ ആരതിയിൽ പങ്കെടുക്കുന്നതു കണ്ടപ്പോൾ തോന്നി ഭാരതം ലോകത്തിന്റെ ആത്മീയ തലസ്ഥാനമാണെന്ന്. ഭാരതത്തിനു മാത്രമേ ഈ സ്ഥാനമലങ്കരിക്കാനാകൂ. എല്ലാ ലോകരാഷ്ട്ര പൗരന്മാരും ഒരുമിച്ചിരിക്കുന്നു. അവിടെ സി.ഐ.ഡികളില്ല, ഐ.ബി.യില്ല, പോലീസില്ല.... ബോംബിന്റെ ഭയമില്ല. തീവ്രവാദിയുമില്ല. അല്ലെങ്കിൽ അതുണ്ടാകുമെന്ന ഭയമില്ലാത്ത ഗംഗാതീര ഭജനയും ആരതിയും! പതിനായിരക്കണക്കിനാളുകൾ ഫോട്ടോകളും വീഡിയോകളും അവിടെ നിന്നെടുക്കുന്നു. ഈ ഗംഗാ ആരതിയുടെ വീഡിയോ അവിടെ വീഡിയോ ഷോപ്പുകളിലെല്ലാം 35 രൂപയ്ക്കു ലഭ്യമാണ്.

അനവധി വ്യക്തികളും ചെറു ഗ്രൂപ്പുകളും അവിടവിടെ ഗംഗാ ആരതി ചെയ്യുന്നു. പല ആശ്രമക്കാരും ഇതു ചെയ്യുന്നു. കൂടെ ആശ്രമവാസികളുമുണ്ട്. ചില കടവുകളിൽ പശുചാണകമുണ്ടായിരുന്നു. ഗോമാതാവിനെ അവിടങ്ങളിൽ നിയന്ത്രണമില്ലാതെ നടക്കാനനുവദിച്ചിരിക്കുന്നതിനാൽ ചാണകവും എവിടെ വേണമെങ്കിലും നിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യവുമതിനുണ്ടല്ലോ. അവയെല്ലാം എടുത്തു മാറ്റാൻ ജോലിക്കാരുമുണ്ട്.

ഞാൻ ഭാരതപ്പുഴയുടെ തീരത്തുകൂടി പലപ്രാവശ്യം നടന്നിട്ടുണ്ട്. പട്ടാമ്പിയിലും ചെറുതുരുത്തിയിലും, പാലക്കാടുമെല്ലാം! ഒരിടത്തുപോലും മനുഷ്യവിസർജ്യമില്ലാത്ത നിളാതീരമില്ല. സാക്ഷര കേരളത്തിന്റെ വീമ്പടിക്കലും, കേരളീയരുടെ വൃത്തിയും ശുചിയുമെല്ലാം ഗംഗാതീരവുമായി ഒന്നു താരതമ്യം ചെയ്യണം. പമ്പാതീരത്തുപോലും മനുഷ്യമലം എല്ലായിടത്തും കാണാം. ഏതായാലും ഋഷികേശിലും ഹരിദ്വാരിലും ഞാൻ പോയിടത്തൊന്നും അതു കണ്ടില്ല. നമ്മുടെ മനസ്സിലെ ഏറ്റവും വലിയ തെറ്റിദ്ധാരണയാണ് അവിടം വൃത്തിഹീനമാണെന്നത്. അത് പൂർണ്ണമായും മാറ്റേണ്ട സമയമായി.

ഗംഗാ ആരതിയും ഗംഗാതീരത്തുകൂടെയുള്ള പ്രഥമദിനനടത്തവും എനിക്കു നടത്താൻ ഈശ്വരാനുഗ്രഹമുണ്ടായ കൈലാസ പരിക്രമത്തിലേക്ക് എന്റെ ഓർമ്മകളെ കൊണ്ടുപോയി. സർവരാജ്യത്തൊഴിലാളികളെ സംഘടിക്കാനാഹ്വാനം ചെയ്യുന്നവരുടെ (ചൈനയുടെ) കീഴി



Scanned with CamScanner

ലാണ് തിബത്തും കൈലാസവും ! ഒളിമ്പിക്സ് അതിഗംഭീരമായി നടത്തിയ കമ്മ്യൂണിസ്റ്റ് ചൈനയിലും അവരുടെ കാൽക്കീഴിലമരുന്ന ചൈനയുടെ ഭാഗമായിക്കഴിഞ്ഞ തിബത്തിലെ ഒരൊറ്റ ലോഡ്ജിൽപോലും കക്കൂസില്ല, കുളിമുറിയുമില്ല. പലയിടത്തും വൈദ്യുതി ജനറേറ്റർ പ്രവർത്തിപ്പിച്ച് വൈകി 6 മുതൽ 9 വരെ മാത്രം ലഭ്യമാക്കുന്നു. താമസസൗകര്യമുള്ള കേന്ദ്രങ്ങളുടെ ചുറ്റുമുള്ള വെളിം പറമ്പുകളിൽ മനുഷ്യമലത്തിന്റെ കൂനകൾ. ഒരു ചായ കുടിക്കാനിടമി ല്ലാത്ത സ്ഥലം. വളരെ വളരെ വിരളമായി കാണുന്ന ചില കടകൾ. മാനസസരോവരത്തിനു ചുറ്റും പോലും മലത്തിന്റെ ദുർഗന്ധം. ഈശ്വ രാ.... നമ്മുടെ ചില നേതാക്കളുടെ മാതൃഭൂമിയും പുണ്യഭൂമിയുമായ കമ്മ്യൂണിസ്റ്റു ചൈനയിലെ നഗരാതിർത്തികൾക്കപ്പുറത്തവർ പോയാൽ പിന്നെ ആ പാർട്ടിക്കുവേണ്ടി ഇവർ ഇവിടെ പ്രവർത്തിക്കില്ല. ടിവിയി ലൂടെ കാണുന്ന പ്രകാശപൂരിതമായ നഗരമല്ല ചൈന! നികൃഷ്ടവും, വൃത്തിഹീനവുമായ ചൈനയിലെ നഗരാതിർത്തിക്കപ്പുറത്ത് കാണാപ്പു റങ്ങളുണ്ട്. ഒരു വിദേശിയേയും കാണിക്കാത്ത ഭൂപ്രദേശങ്ങളും നരക യാതനയനുഭവിക്കുന്ന ജനതയും..... സൈന്യവും പോലീസും അഭി പ്രായ സ്വാതന്ത്ര്യവുമില്ലായ്മയും, പത്തുരൂപ കൂലികൊടുത്താൽ സമ രംചെയ്യാനോ പ്രതികരിക്കാനോ സ്വാതന്ത്ര്യമില്ലാത്ത ഭരണവുമാണെ ങ്കിൽ തോക്കിന്റെ ശക്തികൊണ്ട് ഏത് ഒളിമ്പിക്സും, സൗരയൂഥ മത്സ രങ്ങളും നടത്തിക്കാണിക്കാം. സമുന്നത നേതാക്കൾക്കൊഴികെ ബാക്കിയാർക്കും മക്കൾ രാഷ്ട്രീയവും കൈക്കൂലിയും വാങ്ങാനവ കാശമില്ലാത്ത ചൈനയിൽ രണ്ടുനേരത്തെ ഭക്ഷണത്തിനുമാത്രം കൂലി കൊടുത്താൽ ഏതു ഉപകരണങ്ങളും സാധനങ്ങളും പത്തു രൂപക്ക് ലോകത്തെവിടെയുമുള്ള ഗൃഹങ്ങളിലുമെത്തിക്കാം.... സത്യമിതല്ലേ.... എന്നു ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ പരമാർത്ഥനികേതനിലെ സ്വാമി ദയാനന്ദയുടെ അതിമധുര ഗംഗാകീർത്തനാലാപനം ആരംഭിച്ചു. ഗംഗ ആരതിയുടെ അവസാന ഭാഗമായി........ !

ഗംഗാ ആരതി കഴിഞ്ഞ് ഞാൻ സെമിനാർ ഹാളിലേയ്ക്കു പോയി. എല്ലാവരും ഭക്ഷണത്തിന് തയ്യാറെടുക്കുന്നു. ഉന്തും തള്ളുമില്ലാതെ മട്ടനും ചിക്കനും ബീഫുമില്ലാത്ത സെമിനാർ ഭക്ഷണം ! വൈകുന്നേ രത്തെ ഭജനയും ആത്മീയ പ്രഭാഷണവും വിഷയാധിഷ്ഠിത പ്രഭാഷ ണങ്ങളും വ്യത്യസ്ഥ ഹാളിൽ, ഭക്ഷണാനന്തരം ക്രമീകരിച്ചിരുന്നതു കേൾക്കാനായി പ്രതിനിധികൾ യാത്രയായി. അങ്ങനെ സെമിനാറിന്റെ ഒന്നാം ദിവസം ഫലവത്തായി പര്യവസാനിച്ചു.



Scanned with CamScanner

**രണ്ടാം ദിവസത്തെ അനുഭവങ്ങൾ**

രണ്ടാം ദിവസത്തെപരിപാടികൾ വളരെ വ്യത്യസ്തമായിരുന്നില്ല. പല പ്രഭാഷണങ്ങളും പ്രബന്ധങ്ങളും പഠനാത്മകമായി അവതരിപ്പിക്കപ്പെട്ടത് കേൾക്കാൻ ദേശവിദേശികൾക്ക് അവസരം ലഭിച്ചു. അത്ഭുതകരമായി അനുഭവപ്പെട്ടത് ആയുർവേദത്തിലേയും യോഗയിലേയും പദപ്രയോഗങ്ങളെല്ലാം സംസ്കൃതത്തിൽ തന്നെയായിരുന്നു അവതാരകർ ഉദ്ധരിച്ചത്. പലപ്പോഴും കഷായം, അരിഷ്ടം, ധ്യാനം, യോഗാസനം, വാത-പിത്ത-കഫ, പ്രാണ, പഞ്ചഭൂത.... പ്രയോഗങ്ങളെല്ലാം (ഇല്ലാത്ത) ഇംഗ്ലീഷ് പദങ്ങളുപയോഗിച്ച് വികൃതമായ അർത്ഥത്തിലൂടെ അവതരിപ്പിക്കുന്നത് കേരളത്തിൽ സർവ്വത്രപ്രചാരമുള്ളതാണ്. എന്നാൽ അതിൽ നിന്നും തികച്ചും ഭിന്നമായിരുന്നു ഈ സെമിനാറിൽ ഇന്ത്യാക്കാരും അല്ലാത്തവരുമായ പ്രഭാഷകർ വിഷയം അവതരിപ്പിച്ചത്.

ഭാരതീയർക്ക് ഭാരതീയമായ നന്മനിറഞ്ഞ എല്ലാത്തിനേയുംകുറിച്ച് അഭിമാനം തോന്നിത്തുടങ്ങിയാൽ, വിദേശിയർ ഭാരതീയ കാര്യങ്ങളെ നല്ല ഭാരതീയരെപോലെ ആരാധിക്കും. ഇംഗ്ലീഷുകാർക്കു മനസ്സിലാക്കാനായി ദോശയെ പാൻകേക്ക് എന്നും ഇഡ്ഢലിയെ സ്റ്റീം കേക്ക് എന്നും പറയുന്നതിനേക്കാൾ നല്ലതും, അവർ അവരുടെ കാര്യങ്ങൾ അവരുടെ ഭാഷയിലൂടെ അറിയിക്കുന്നു. അവരുടെ ഭാഷയേയും നമ്മുടെ ഭാഷയേയും നീതിപൂർവമായി ഉപയോഗിച്ച് ബഹുഭൂരിപക്ഷത്തിനും മനസ്സിലാക്കാൻ പാകത്തിന് അതേപേരുകൾ പ്രയോഗിച്ചാൽ ഒരു പ്രശ്നവുമുണ്ടാകില്ല. ഇത് അസന്ദിഗ്ധമായി ഈ സെമിനാറിൽ തെളിയിച്ചതു ഞാൻ കണ്ടും കേട്ടുമറിഞ്ഞു.

ഞാൻ കൊണ്ടുപോയിരുന്ന സിഡികൾ പ്രത്യേകിച്ച് വേദത്തിന്റേത്, കോപ്പിറൈറ്റില്ലാത്തതാണെന്നും അതു പ്രചരിപ്പിക്കേണ്ട ഉത്തരവാദിത്വം ഓരോ ഭാരതീയന്റേതുമാണെന്നും, ഭാരതീയ പൈതൃകത്തെ സ്നേഹിക്കുന്നവരും അതു ചെയ്യണമെന്നും ഞാനറിയിച്ചത് ഒരു സംശയവുമില്ലാതെ ഭാരതീയരും അല്ലാത്തവരും സ്വീകരിച്ചു. നമ്മുടെ പൈതൃകം കൊടുക്കേണ്ട രീതിയിൽ കൊടുത്താൽ എടുക്കേണ്ടവർ എടുക്കുമെന്നതിന് തെളിവുണ്ടെന്ന്, എനിക്കെവിടെയും പറയാമല്ലോ!

പല പ്രബന്ധങ്ങളും കേൾക്കുന്നതിനിടക്ക് ലഭിച്ച സമയംകൊണ്ട് തലേ ദിവസം പോകാത്ത ഇടങ്ങളിലൂടെ ഞാൻ നടന്നു. ഗംഗാമാതാവിനെ നൂറുവട്ടം വണങ്ങി, ഉച്ചക്ക് രണ്ടാമതും ഗംഗയിൽ കുളിച്ചു. ഒരു ഭക്തിയും ആത്മീയതയുമില്ലാത്തവനുപോലും ഗംഗാസ്നാനത്തിന്റെ അനുഭൂതി മറക്കാനാകില്ല.



Scanned with CamScanner

കമ്മ്യൂണിസ്റ്റ് നേതാവായ എസ്.എ ഡാംഗെ പണ്ട് ഗംഗാതീരത്തുകൂടി സഖാക്കളുമായി നടന്നുപോയപ്പോൾ പറഞ്ഞുവത്രെ സഹസ്രാബ്ദങ്ങളായി ഒഴുകുന്ന ഈ നദിയിൽ ഒന്നു കുളിക്കണമെന്ന്. കൂടെയുണ്ടായിരുന്ന സഖാക്കൾ അതു തടഞ്ഞുകൊണ്ട് പറഞ്ഞുവത്രെ 'ഹിന്ദുക്കളുടെ നദിയായ ഗംഗയിൽ കുളിച്ച് ആർ.എസ്.എസ്. കാരനാകാൻ പോകുന്നോ.?' അന്നദ്ദേഹം പറഞ്ഞൊരു വരി വായിച്ചത് ഞാനോർത്തു! 'ഭാരത സംസ്കാരത്തിന്റെ പ്രതീകമാണ് ഗംഗ. അതിൽ കുളിച്ചതുകൊണ്ടെന്തുപ്രശ്നം. ഞാൻ കമ്മ്യൂണിസ്റ്റുകാരനല്ലാതാകുമോ?' കാലം മാറുന്നു ഇന്ന് എല്ലാ ഭാരതീയർക്കും ഗംഗ ഭാരതത്തിന്റെ പ്രതീകമാണ്. നമ്മുടെ സംസ്കാരത്തിന്റെ പ്രതീകമാണ്. കമ്മ്യൂണിസമെന്ന ചിന്തയും സാധനവും ചത്തുപോയി. അതുപോലെ കമ്മ്യൂണിസ്റ്റുകാരുടെ പഴയ മനസ്സും ചിന്തകളും ചത്തു മണ്ണടിഞ്ഞു.

പണ്ട് സർദാർ കെ. എം. പണിക്കരോട് മാവോ സേതുങ്ങ് പറഞ്ഞുവത്രെ അടുത്തൊരു ജന്മമുണ്ടെങ്കിൽ ഗംഗാതീരത്തെ പുൽക്കൊടിയായിട്ടെങ്കിലും ജനിക്കണമെന്നാഗ്രഹിക്കുന്നുവെന്ന്. ഈ പറഞ്ഞത് സത്യമാണെങ്കിലും അല്ലെങ്കിലും ഭാരതീയനെ സംബന്ധിച്ചിടത്തോളം പച്ച പരമാർത്ഥം മാത്രമാണ്. ഇതെല്ലാം ഓർത്തുകൊണ്ട് ഞാൻ ഗംഗാനദിക്കു കുറകെയുള്ള ഇരുമ്പുവടം കൊണ്ടുണ്ടാക്കിയ രാംഝൂലയിലൂടെ നടന്നു. ഗംഗയുടെ ഒത്തനടുവിൽ മുകളിൽ നിന്ന് താഴെ നോക്കി ഗംഗാ മാതാവിനെ കുറേ സമയം പ്രണമിച്ചു.

നമ്മുടെ എല്ലാ പുരാണങ്ങളും ഇതിഹാസങ്ങളും വേദങ്ങൾപോലും ഓർമ്മിപ്പിക്കുന്ന പുണ്യനദി. വേദവ്യാസനും പാണ്ഡവരുമെല്ലാം പുണ്യസ്നാനം ചെയ്തപുണ്യനദിയെ ഞാൻ തൊഴുതു. കണ്ണുനീരോടെ ഹൃദയം നിറഞ്ഞു തൊഴുതു. രണ്ടുമൂന്നു കുട്ടികൾ, ഗംഗയിലെ മീനുകൾക്ക് തീറ്റക്കായി ചില ഉണ്ടകൾ, വിൽക്കുന്നുണ്ടായിരുന്നുത് വാങ്ങിക്കണമെന്നഭ്യർത്ഥിച്ചതു കണ്ടപ്പോൾ സംതൃപ്തി തോന്നി. ഗംഗാപൂജക്ക് പൂവും, കർപ്പൂരവും ഗംഗയിലെ മത്സ്യങ്ങൾക്ക് തീറ്റയും വിറ്റ് പൈസയുണ്ടാക്കി ജീവിക്കുന്നതാണ് ഭിക്ഷാടനം ചെയ്ത് ജീവിക്കുന്നതിനേക്കാൾ ഉത്തമമെന്നവർക്ക് തോന്നിയതിലെ സംതൃപ്തിയായിരുന്നു. ജീവചൈതന്യമുള്ള ഗംഗയെ വീണ്ടും വീണ്ടും വണങ്ങി. നന്ദനം എന്ന സിനിമയിലെ ബാലാമണി, സിനിമയുടെ അവസാനത്തിൽ പറയുന്ന വരിയോർത്തു..... കണ്ടു ഞാൻ ...... ഞാൻ കണ്ടു.... ഞാൻ മാത്രമേ കണ്ടുള്ളൂ..... അതെ ഒരു പതിനായിരം വർഷത്തെ ഗംഗയുടെ ആത്മീയത ആത്മസത്തയുടെ ചൈതന്യം ഞാൻ കണ്ടു.... ഞാൻ മാത്രമേ അങ്ങിനെ കണ്ടുള്ളു എന്നു പറഞ്ഞാൽ ശരിയാകുമോ..?



Scanned with CamScanner

മുഗളരുടെ ഭരണത്തിൻ കീഴിൽ ഭാരതം ചവിട്ടിമെതിക്കപ്പെട്ടപ്പോൾ ഗംഗയിലാരെങ്കിലും കുളിച്ചാൽ 150 ദിനാർ പിഴയടക്കണമായിരുന്നു. ഈ നിയമം 160 വർഷങ്ങൾ നിലനിന്നിരുന്നു എന്നാർക്കെങ്കിലുമറി യുമോ ആവോ? പെട്ടെന്നെന്റെ ചിന്ത പോയത് ആയുർവേദ സെമി നാറിന്റെ ഉദ്ഘാടന ദിവസം (തലേദിവസം) വൈകുന്നേരം ഉത്തരാ ഖൽ മുഖ്യമന്ത്രി പറഞ്ഞ വരിയിലേക്കായിരുന്നു. 2010 മാർച്ചിലെ കുംഭ മേളക്ക് എട്ടുകോടി ജനങ്ങൾ ഗംഗയിൽ കുളിച്ചുവത്രെ. ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടനം. കനേഡിയൻ ജനസംഖ്യയുടെ മൂന്നി രട്ടി ! ആരെല്ലാം ഈ ദേശം ഭരിച്ചു. ഇപ്പോഴും വിദേശികളിവിടെ ഭരി ക്കുന്നു. ഒരു സത്യമുണ്ട്. ഗംഗ മരിക്കില്ല. ഗംഗയുടെ ചൈതന്യവും മരിക്കില്ല. അതിൽ ജനകോടികൾ പുണ്യസ്നാനം എന്നുമെന്നും ചെയ്യും. 'മഹാനായ' അലക്സാണ്ടറുടെ അമ്മ പറഞ്ഞതുപോലെ "ദേവതമാർ കുളിക്കുന്ന ഗംഗാജലം മകനെ നീ എനിക്കുവേണ്ടി കൊണ്ടുവരണം." രാംഝൂലയുടെ മറുകര കടന്ന് ഞാൻ റോഡുവക്കിലുള്ള കടകളും വണ്ടികളിലെ കച്ചവടക്കാരേയും അവരുടെ വാക്കുകളും വിൽപനക്കു വെച്ചിരിക്കുന്ന ഓരോന്നിന്റേയും വിലയും കണ്ടും കേട്ടും നടന്നു.

എത്രയെത്ര പുസ്തകശാലകൾ, ഭക്തിയുടെ വീഡിയോ ആഡിയോ സിഡികൾ! മിക്കവാറും 30 – 35 രൂപ. ഡിവിഡിക്ക് 40 രൂപ. ഒരുമിച്ചെ ടുക്കുമ്പോൾ വീണ്ടും കുറവാണ്. എല്ലാം കണ്ടുവച്ചു. വാങ്ങിക്കാനു ള്ളതെല്ലാം വിലപേശിവച്ചു. ഒന്നും വാങ്ങിച്ചില്ല. കാരണം അനുഭവ സ്ഥരുടെ അടുത്തുപോയി പറ്റിക്കലുണ്ടോയെന്നറിയണമല്ലോ! എന്റെ യാത്രയും ഞാൻ വാങ്ങിക്കുന്ന സാധനങ്ങൾക്കായി ചിലവാക്കുന്ന പൈസയുമല്ല പ്രധാനം. അവിടത്തെ അനുഭവങ്ങൾ ഇപ്രകാരമൊരു കൊച്ചുപുസ്തകത്തിലെഴുതുമ്പോൾ അതിൽ വസ്തുതകൾ തന്നെ യുണ്ടാകണമെന്നാഗ്രഹമുണ്ട്.

ഗംഗയുടെ മറുകരയിലൂടെ കുറേദൂരം നടന്നു. മിന്നിത്തിളങ്ങുന്ന ചെറിയ ചെറിയ കടകൾ! സന്ദർശകരെ ആഹ്ലാദിപ്പിക്കുന്ന അതിഥി മര്യാദയുടെ സംസാരരീതി. അവിടെ വിൽക്കുന്ന അതേ സാധനങ്ങൾ കേരളത്തിൽ ലഭ്യമാണെങ്കിൽ കുറഞ്ഞത് അവിടത്തേതിന്റെ ഇരട്ടി വില കൊടുക്കണം. ഇവിടേയും ആരും ആരേയും മാടിവിളിക്കുന്നുമു ണ്ടായിരുന്നില്ല. കുറേ യാത്ര ചെയ്ത് ഞാൻ മടങ്ങി സെമിനാർ ഹാളി ലെത്തി 4 മണിക്കുള്ള എന്റെ പ്രഭാഷണവും പല പല ചോദ്യങ്ങൾക്കും മറുപടിയും നൽകി, തിരിച്ചിറങ്ങിയപ്പോൾ എല്ലാ സമ്മേളന പ്രതിനി ധികളും തമ്മിലുള്ള ബന്ധം ദൃഢമായിക്കൊണ്ടേയിരുന്നു. വൈകു



Scanned with CamScanner

ന്നേരത്തെ സൂര്യാസ്തമയം അതിമനോഹരമായിരുന്നു. അതുപോലെ ഗംഗാ ആരതിയും! ഫെബ്രുവരി 16-ാം തീയതി തിരുവനന്തപുരത്തു നിന്ന് പുറപ്പെട്ടിട്ട് 17 ഉം 18 ഉം പൂർണ്ണ തൃപ്തിയോടെ കഴിഞ്ഞു.

ഹരിദ്വാർ ദർശനം

അടുത്ത ദിവസം വളരെ നേരത്തെ എഴുന്നേറ്റു. ആയുർവേദ സമ്മേളനത്തിന്റെ ഭാഗമായ ധന്വന്തരി പൂജയിൽ പങ്കെടുത്തു, ഗംഗയെകണ്ടുവണങ്ങി. പ്രഭാതത്തിലെ ക്ലാസുകൾ പല പല വിഷയങ്ങളിൽ പല പ്രഗത്ഭർ എടുക്കുന്നുണ്ടായിരുന്നു. രാവിലെതന്നെ ഗംഗയുടെ മറുകര കടന്ന്, അൽപം നടന്ന് ഓട്ടോ സ്റ്റാന്റിലെത്തിയപ്പോൾ നല്ല ചൈതന്യമുള്ള കുറേയേറെ ചെറുപ്പക്കാരായ ഓട്ടോക്കാർ യാത്രക്കാരുടെ വരവും കാത്ത് നിൽക്കുന്നു. അന്വേഷിക്കുന്നവരോട് ഹരിദ്വാരിലേക്കുള്ള ഓട്ടോയുടേയും ഋഷികേശ് ടൗണിലേക്കുള്ള ഓട്ടോയുടേയും വിവരങ്ങൾ അവർ നൽകുന്നുണ്ട്. കേരളത്തിലെ പ്രൈവറ്റ് ബസ് സ്റ്റാന്റുപോലെ തോന്നി. വളരെ ചെറുതാണ് അവിടത്തെ ഈ ആട്ടോ സ്റ്റാന്റ്. ഏകദേശം എട്ടുപത്തു പേർക്കിരിക്കാവുന്ന ഓട്ടോകൾ ഒന്നൊന്നായി യാത്രക്കാരെ കൊണ്ടു നിറയുന്നതനുസരിച്ച് യാത്ര പോകുന്നുണ്ടായിരുന്നു. ഓട്ടോക്കാർ തമ്മിൽ ചട്ടങ്ങളും നിയന്ത്രണങ്ങളും പാലിക്കാനായി നിയമമുള്ളതായി തോന്നി. ഓരോ ഓട്ടോകാരനും സ്റ്റാന്റു വിടുമ്പോൾ അയാളുടെ കയ്യിലുള്ള ഒരു ചെമ്പ് പ്ലേറ്റ് അവരുടെ ഓഫീസിൽ ഏൽപിക്കുന്നു.

പോലീസിനെ കണ്ടില്ലെങ്കിലും പോലീസ് ചെക്പോസറ്റ് അവിടെക്കണ്ടു. ഓട്ടോകളോ ടാക്സികളോ പോലീസ് വച്ചിരിക്കുന്ന No entry ബോർഡിനപ്പുറത്തേയ്ക്ക് കയറുന്നതായി കണ്ടില്ല. ഞങ്ങൾ മടക്കയാത്രക്കും രാവിലെ രണ്ടരക്ക് വന്നതിവിടെയാണ്. അപ്പോഴും ഓട്ടോക്കാരും ടാക്സിക്കാരും പോലിസ് ബോർഡ് കവച്ചുവച്ചില്ല. അവർ നിയമം അനുസരിച്ചിരുന്നു. ഇത് കൈവണ്ടിക്കാർക്ക് ഒരു വലിയ അനുഗ്രഹവുമായിരുന്നു. നിയമപരിപാലനവും കൈവണ്ടി-ഓട്ടോകളുടെ പരസ്പര സഹകരണവും യാത്രക്കാരിലൊരുതരത്തിലുള്ള പ്രശ്നങ്ങളും സൃഷ്ടിച്ചില്ല.

ഞാൻ ഓട്ടോ സ്റ്റാന്റിലെത്തിയ ഉടനെ ഒരു ഓട്ടോയിലിരിക്കാനുള്ള 7 യാത്രക്കാർ നിറഞ്ഞിരുന്നു. ഒരാളുടെ വാക്കൻസിയുള്ളതിൽ ഞാനും കയറി. ഉടനെ ഓട്ടോ ഹരിദ്വാരിലേക്കു വിട്ടു. കുറേദൂരം പോയപ്പോൾ ഞാൻ സഹയാത്രികരോടു ഓട്ടോ ചാർജ്ജ് എത്രയാണെന്ന് തിരക്കി, ഉടനെ ഹരിയാനക്കാരായ യാത്രക്കാരും, അവിടത്തുകാരം പറഞ്ഞു.



Scanned with CamScanner

30 രൂപ. ഏകദേശം 25 കിലോമീറ്റർ ദൂരമുണ്ട്, ട്രാൻസ്പോർട്ട് ബസ്സിലും അതു തന്നെയാണ് ചാർജ്. ഇതു ഫിക്സഡ് ആണ്.

സഹയാത്രക്കാർ പരസ്പരം ഒരു ബന്ധവുമില്ലാത്തവരാണെങ്കിലും ഒരൊറ്റ കുടുംബത്തിലെ അംഗങ്ങളെപ്പോലെ പല പല അനുഭവങ്ങളും പങ്കിട്ടുകൊണ്ട് യാത്ര ചെയ്തു. പല സംസ്ഥാനക്കാരുമുണ്ടായിരുന്നു. എല്ലാവരും ഗംഗയുടെ മഹത്വവും വാരണാസിയിൽ ഗംഗാജലം മലിനമാക്കപ്പെടുന്നുതുമെല്ലാം ചർച്ചചെയ്തു. ഏകദേശം 45 മിനിറ്റുകൊണ്ട് ഹരിദ്വാരിലെത്തി. ഞാൻ ഇറങ്ങി നടക്കുംമുമ്പ് 30 രൂപയും കൊടുത്ത് അവിടെ കറങ്ങേണ്ടതിനെക്കുറിച്ച് ഡ്രൈവറോടായി ചോദിച്ചു. സഹയാത്രികരിലൊരാൾ മൂന്നു മിനിറ്റു കൊണ്ട് എല്ലാം പറഞ്ഞു തന്നു. ആ ഓട്ടോ അൽപംകൂടി മുമ്പോട്ട്, ഹരിദ്വാർ റൗൺവരെ പോകേണ്ടതായിരുന്നു. ഞാൻ അവിടത്തെ ഗംഗാസ്നാനഘട്ടിലാണ് ഇറങ്ങിയത്.

അവിടംവരെയുള്ള യാത്ര വളരെ ഹൃദ്യമായിരുന്നു. ഇരുപത്തിയഞ്ചു കിലോമീറ്റർ ദൂരം റോഡ് നല്ലതായിരുന്നു. ഉത്തരകാശി, രുദ്രപ്രയാഗ, മസൂറിയിലേയ്ക്കെല്ലാം പോകുന്ന ഹൈവേ! ഒരു തടസ്സവുമില്ലാതെ ഓട്ടോ ചീറി പാഞ്ഞു. റോഡിന്റെ രണ്ടുവശങ്ങളും നല്ല വൃത്തിയും ഇടക്ക് വളരെ കൂടുതൽ കടകൾ വരുന്നിടത്ത് അൽപം മാലിന്യമുള്ളതായും തോന്നി. ചിലയിടങ്ങളിൽ മൂന്നുനാലു മീറ്റർ റോഡ് ടാർ പോയിരുന്നതുംകണ്ടു. നമ്മുടെ ചിലരുടേയെങ്കിലും മനസ്സിൽ ഉത്തര ഭാരതത്തിലെ റോഡുകളെക്കുറിച്ചും വഴിയോരങ്ങളെക്കുറിച്ചുമുള്ള ധാരണയിൽ നിന്ന് കാര്യമായ വ്യത്യാസം എനിക്കിവിടെ അനുഭവപ്പെട്ടു.

സഹയാത്രികരുടെ ഉപദേശപ്രകാരം ഞാൻ ഹരിദ്വാരിലെ സ്നാനഘട്ടങ്ങളിലൂടെ നടന്നു. നമ്മുടെ റെയിൽവേ സ്റ്റേഷനിലെ തൂപ്പുകാരെപോലെ കിലോമീറ്റർ കണക്കിന് ദൂരം സ്നാന ഘട്ടങ്ങളിൽ നിൽക്കുവാനും വിശ്രമിക്കുവാനുമുള്ള തറകൾ നിരന്തരം അടിച്ചു വൃത്തിയാക്കിക്കൊണ്ടേയിരുന്നു. ധാരാളം വേസ്റ്റ് പേപ്പർ കളക്ഷൻ ബോക്സുകളുമുണ്ട്. ഏതാണ്ടെല്ലാവരും അതുപയോഗിക്കുന്നുവെങ്കിലും ഏതാനും പേർ ഭക്ഷണം കഴിച്ച ഇലയും പൂജാദ്രവ്യങ്ങൾ വച്ച ഇലകളും അവിടെത്തന്നെവെക്കുന്നു. ഭാഗ്യവശാൽ ഒരാളും ഗംഗയെ അർച്ചിക്കുന്ന പുഷ്പങ്ങളല്ലാതെ മറ്റൊന്നും വെള്ളത്തിൽ നിക്ഷേപിക്കുന്നില്ല. ഒന്നുരണ്ടു പോലീസുകാരെകണ്ടു. അവരാകട്ടെ വോളന്റിയേഴ്സിനെപോലെയായിരുന്നു. സർക്കാരിന്റേതായ മറ്റൊരു നിയമപരിപാലന സംവിധാനവുമവിടെ കണ്ടില്ല. **ധർമ്മേണൈവ പ്രജാസർവേ രക്ഷന്തി സ്മപരസ്പരം** = ധർമ്മത്തിന്റെ മാർഗത്തിലൂടെ എല്ലാ പ്രജകളും പരസ്പരം രക്ഷിക്കുന്നു. കാവിവസ്ത്രധാരികളിൽ ചിലർ റോഡിന്റെ മതിലിനോടു



Scanned with CamScanner

ചേർന്നിരിക്കുന്നുണ്ടായിരുന്നു. അവർ ഇടക്ക് ജയറാം എന്നു പറഞ്ഞ് ഭിക്ഷക്കായിരിക്കുകയാണെന്നറിയിക്കുന്നുണ്ടായിരുന്നു. ഗംഗാജലം കൊണ്ടുപോകാനുള്ള വ്യത്യസ്ത വലിപ്പമുള്ള പ്ലാസ്റ്റിക് കാനുകളു ണ്ടായിരുന്നു. വിരസതയും ആലസ്യവുമുള്ളവരെ കണ്ടില്ല. എല്ലാ വർക്കും ചിരച്ച മുഖഭാവം. ഭിക്ഷക്കാരുമുണ്ടായിരുന്നില്ല. ഭക്തിയുടെ ഭാവം എല്ലായിടത്തും. സ്വയം നിയന്ത്രിക്കുന്ന ജനസഹസ്രങ്ങൾ.

പതിനായിരക്കണക്കിന് സ്ത്രീപുരുഷന്മാർ കുളിക്കുന്നു. ഞാൻ പോയ സമയത്ത് പൊതുവേദിയിൽ കുളിക്കുന്ന വിദേശികളെ കണ്ടില്ല. ഈ സ്നാനഘട്ടിൽ വിദേശികൾ തീരെ ഉണ്ടായിരുന്നില്ല. എൺപതു ശത മാനവും യുവാക്കളും മധ്യവയസ്കരുമായിരുന്നു, ഗംഗാസ്നാനം ചെയ്യു ന്നതിനായി വന്നവർ. പല പല തറകളും കെട്ടിപ്പടുത്ത് വൃത്തിയാക്കി വെച്ചിരിക്കുന്നതിന്റെ രണ്ടുവശത്തുംകൂടി ഗംഗാ അതിശക്തമായി ഒഴു കുന്നുണ്ടായിരുന്നു. വൃത്തിയുള്ള ഗംഗാജലം. അതിൽ ചപ്പുചവറുക ളൊന്നും കണ്ടില്ല. നല്ല തണുപ്പുണ്ടായിരുന്നു. കുളിക്കാനുള്ള കരുത ലുകളൊന്നും ഞാൻ എടുത്തിരുന്നില്ല. അതിനാൽ കയ്യും കാലും മുഖ വും കഴുകി എന്റെ പൂർവ്വീകർക്കും, ഞാനുമായി പ്രത്യക്ഷമായും പരോ ക്ഷമായും ബന്ധമുള്ളവർക്കുമെല്ലാം ഞാൻ മന്ത്രസഹിതം തർപ്പണം കൊടുത്തു. മാതാപിതാക്കളുടെ മുഖം മനസ്സിൽ ധ്യാനിച്ചു. എന്റെ അച്ഛൻ ശ്രീ നാരായണൻ എമ്പ്രാന്തിരിയേയും അമ്മ സത്യഭാമയേയും എന്നെ സ്നേഹം കൊണ്ടഭിഷേകം ചെയ്ത പിതൃസഹോദരനേയും സഹോദരിയേയും മനസാ ക്ഷണിച്ചുവരുത്തി. അവരെ വിളിച്ചു പറ ഞ്ഞു. "ഇതാ നിങ്ങളുടെ മകൻ ബാലകൃഷ്ണൻ നിങ്ങൾക്കും പൂർവ്വീ കർക്കുമായി ഗംഗാജലത്തിൽ ഹരിദ്വാരിൽ തർപ്പണം ചെയ്യുന്നു. സ്വീക രിക്കുവാനപേക്ഷ...."

മാതൃവംശേമൃതായേശ്ച പിതൃവംശേ തഥൈവ ച
ഗുരുശ്വശുര ബന്ധൂനാം യേ ചാന്യേ ബാന്ധവാമൃതാ
യേ മേ കുലേ ലുപ്ത പിണ്ഡാഃ പുത്രദാര വിവർജിതാ
ക്രിയാലോപഹതാ ശ്ചൈവ ജാത്യന്താ പങ്കവസ്തഥാ
വിരൂപാ ആമഗർഭശ്ചാ ജ്ഞാതാജ്ഞാതാകുലേ മമ
ഭൂമൗ ഭത്തേന ഗംഗാജല തർപ്പണേന തൃപ്തായാന്തു പരാംഗതിം
ആതീത കുലകോടീനാം സപ്ത ദ്വീപനിവാസീനാം
പ്രാണീനാം ഉദകം ദത്തം അക്ഷയ്യമുപതിഷ്ടതു....
അവസാനീയ ഗംഗാജലാർഘ്യമിദം....

ഈശ്വരാ ഇങ്ങിനെയൊരു ഭാഗ്യം എനിക്കു ലഭിച്ചുവല്ലോ... അഹം എന്ന സിനിമയിലെ പാട്ടിന്റെ വരികൾ ഞാനോർത്തു !



Scanned with CamScanner

നന്ദിയാരോടു ഞാൻ ചൊല്ലേണ്ടു ......

പാതിമെയ്യായ മാതാവിനോ ......

പാതിമെയ്യായ പിതാവിനോ ......

പത്തുമാസം ചുമന്നെന്നെ ഞാനാക്കിയ ഗർഭപാത്രത്തിനോ....

**..... നന്ദിയുണ്ടീശ്വരാ ഇങ്ങിനെയൊരു ജന്മം നൽകിയതിന്. നന്ദിയുണ്ട് ഭാരതീയനായി ജന്മം നൽകിയതിന്.... നന്ദിയുണ്ട് ഋഷിവൃന്ദമാരെ.... ഭാരതമാതാവേ... ഈ ഭാഗ്യം തന്നതിന്.**

ആയുർവേദ സെമിനാർ ഋഷികേശിൽ നടത്താനും അതിൽ ആയുർവേദക്കാരനല്ലാത്ത എന്നെ ക്ഷണിക്കാനും അഭിനന്ദനങ്ങളും അനുമോദനങ്ങളും ചൊരിയാനും ഒരനുജനെപ്പോലെ എന്റെ മുമ്പിലവതരിച്ച പുനർണവ ആയുർവേദ സ്ഥാപനത്തിന്റെ ഡയറക്ടറായ ഡോ. രാംകുമാറിനോടും നന്ദിയുണ്ട്. ആയിരമായിരം പ്രണാമങ്ങളുണ്ടെന്നു ഞാൻ കരഞ്ഞുകൊണ്ടു പറഞ്ഞു പ്രാർത്ഥിച്ചു....! ജഗദീശ്വനോടപേക്ഷിച്ചു. ഇനിയുമൊരു നൂറുജന്മമുണ്ടെങ്കിൽ എനിക്കു സ്വർഗം വേണ്ട. ഈ പരമപവിത്രമായ ഭാരത മണ്ണിൽ ഇതേപോലൊരു ജന്മം അല്ലെങ്കിൽ ജന്മങ്ങളുടെ പരമ്പര തന്നാൽ മതി ! അതു മാത്രംമതി !

**ഹരിദ്വാറിൽ നിന്ന് മടക്കയാത്ര**

ഹരിദ്വാറിലെ പല ക്ഷേത്രങ്ങളും സന്ദർശിച്ചു. അവിടെയെല്ലാം അസാധാരണതിരക്ക്. അതുകൊണ്ടുതന്നെ വലിയ ഭക്തിയൊന്നുമെനിക്ക് തോന്നിയില്ല. പക്ഷേ ഋഷിവര്യന്മാരുടെ പാദസ്പർശമേറ്റ ഇടങ്ങളല്ലേ! ഞാനും ആ ക്ഷേത്രങ്ങളിലൂടെ നടന്നു. ആ പാദങ്ങൾ തൊട്ട മണ്ണിൽ തൊടാൻ ഭാഗ്യം ലഭിച്ചത് പരമാവധി വിനിയോഗിക്കാനായി.

കച്ചവടക്കാരാരും മാടിവിളിച്ചില്ല. ഓട്ടോക്കാർ വലിച്ചുകൊണ്ടുപോയില്ല. ലോഡ്ജുകാർ കാൻവാസ് ചെയ്യാൻ വന്നില്ല. ആവശ്യങ്ങൾക്കായി വേണമെന്നുള്ളവർക്ക് എല്ലാകാര്യങ്ങൾക്കും മാർഗദർശനം നൽകാൻ ചിലരവിടെയുണ്ട്. ആരും ആരേയും ഓടിച്ചിട്ട് പിടിക്കുന്നതും കണ്ടില്ല. വീണ്ടും ഞാൻ ഗംഗയെ തൊഴുതു. പല പല ദിശയിൽനിന്നും ഫോട്ടോകളെടുത്ത് മടങ്ങാനായി തയ്യാറെടുത്തു.

ഗംഗാതർപ്പണം കഴിഞ്ഞ്, അവിടെ വിൽപ്പനയ്ക്കു വച്ചിരിക്കുന്ന അനവധി സാധനങ്ങൾ കണ്ടു. ഭക്തിനിർഭരമായ അനവധി വീഡിയോ സിഡികൾ വാങ്ങി. വളരെ നല്ല നിലവാരം പുലർത്തുന്ന ഒന്നൊന്നര മണിക്കൂർ ദീർഘമുള്ള ഇവയ്ക്ക് 35 – 40 രൂപ മാത്രമായിരുന്നു വില. ഞാൻ വിലപേശാൻ ഒരുമ്പെടുംമുമ്പ് അയാൾ പറഞ്ഞു ഞാനെല്ലാത്തിനും 30 രൂപയേ വിലയിട്ടിട്ടുള്ളൂ എന്ന്. തൃശ്ശൂരിൽ മഴുവഞ്ചേരിയി



Scanned with CamScanner

ലുള്ള ഐ.ഐ.എസ്.എച്ചിന്റെ മ്യൂസിയത്തിൽ വയ്ക്കാനായി കുറേയേറെ സാധനങ്ങൾ വാങ്ങി. വിൽപനക്കാരൻ പറഞ്ഞ വില തന്നെ വളരെക്കുറവായിരുന്നു. അതുതന്നെ വീണ്ടും കുറച്ചു തന്നു. ഋഷികേശിൽ തലേദിവസം ചോദിച്ചറിഞ്ഞ വിലയേക്കാൾ പലതിനും ഇവിടെ അഞ്ചും പത്തും രൂപ കുറവായിരുന്നു. കഴിയാവുന്നത്രയും വാങ്ങി കവറിലാക്കി മടക്കയാത്രക്കായി നടന്നു.

ഞാൻ ആദ്യമായിട്ടെഴുതി പ്രസിദ്ധീകരിച്ച പുസ്തകം, ആചാര്യ ജെ. സി. ബോസിന്റെ ജീവിത ചരിത്രമായിരുന്നു. അതിൽ അദ്ദേഹത്തിന്റെ ഒരു ഉദ്ധരണിയുണ്ട് "എന്റെ പൂർവ്വികർ ഒരു മുപ്പത് ശതാബ്ദങ്ങൾക്കു മുമ്പ് ഗംഗാതീരത്തിരുന്ന് അകക്കണ്ണുകൊണ്ട് കണ്ടത് ഞാൻ ഈ ലാബറട്ടറിയിൽ തെളിയിച്ചുകാണിച്ചുതരുന്നു എന്നുമാത്രം. അവരുടെ അറിവുകളാണ് ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്." ഇവിടെ ഗംഗാതീരമുണ്ട്, ഗംഗയുടെ തീർത്ഥമുണ്ട്, പുരാതന ഋഷിവര്യന്മാരുടെ സന്ദേശങ്ങളിന്നുമുണ്ട്.... ഞാനതെല്ലാം അയവിറക്കി. മഹാഭാരതത്തിലെ ഭീഷ്മരെ തലോടിയ ഗംഗാമാതാവേ ഞാൻ ഇനിയും വരും. ഇവിടെ കുറേക്കാലം നിന്റെ കരയിലിരുന്നാസ്വദിക്കും. പുറത്തേയും അകത്തേയും മാലിന്യങ്ങൾ കഴുകിക്കളയും. സ്വാമി വിവേകാനന്ദനെന്ന എന്റെ ആത്മീയ ഗുരുവും ആചാര്യ ജെ.സി. ബോസ് എന്ന എന്റെ ശാസ്ത്രഗുരുവും പറഞ്ഞതും ചെയ്തതും ഞാൻ പ്രാവർത്തികമാക്കും. അനുഗ്രഹിക്കേണമേ അമ്മേ!

വഴിവക്കിലുള്ള ഒരു തട്ടുകടയിൽ നിന്ന് ഒരു ചായ കുടിച്ചു. ആ വഴിയരികിലും ഒരിടത്തും വൃത്തികേടുകളുണ്ടായിരുന്നില്ല. ഇവിടെ പശുക്കളും മറ്റു മൃഗങ്ങളും ചാണകമിട്ട് സുഖയാത്ര നടത്തുന്നുണ്ടായിരുന്നില്ല. അപരിചിതരെ തുറിച്ചു നോക്കുന്ന ഒരാളേയും കണ്ടില്ല. എല്ലാവരും ചിരപരിചിതരായിരുന്നതുപോലെ എനിക്കുതോന്നി. പലപ്രാവശ്യം ഹരിദ്വാരിൽ വന്നവനെപ്പോലെ ഞാൻ നടന്നു. 1981 ൽ ഒരിക്കൽ ഹരിദ്വാരിലും ഋഷികേശിലും പിന്നെ 2009 ൽ ഋഷികേശിലേക്കുമാത്രമായും വന്നു. ഇപ്പോൾ രണ്ടിലേക്കും.

ഹരിദ്വാരിനോടു യാത്ര പറഞ്ഞു ഞാൻ മുമ്പോട്ടുനീങ്ങി. വലിയ തണുപ്പനുഭവപ്പെട്ടില്ല. ഗംഗ കുത്തിയൊഴുകുന്ന കാഴ്ചയും ശബ്ദവും മനസ്സിൽ പ്രതിഫലിക്കുന്നു. പുരാണപ്രസിദ്ധമായ ഹരിദ്വാരം കൺകുളിർക്കെ കണ്ടു മടങ്ങിയപ്പോൾ മനസ് മന്ത്രിക്കുന്നുണ്ടായിരുന്നു നമ്മുടെ മാതൃഭൂമിയിലെ പുരാണപ്രസിദ്ധങ്ങളായ എല്ലാ തീർത്ഥാടന കേന്ദ്രങ്ങളും വൃത്തിയുള്ളതും ആത്മീയത നിറഞ്ഞൊഴുകുന്നതുമായിത്തീരുന്ന ഒരു കാലഘട്ടം വരുമോ? ഈ ആഗ്രഹം യാഥാർത്ഥ്യമാകുമെന്ന



Scanned with CamScanner

ശുഭാപ്തിവിശ്വാസം ഇവിടെ നിറഞ്ഞു നിൽക്കുന്നു. ദക്ഷിണേന്ത്യ യ്ക്കും, ഗുരുവായൂരിനും തിരുപ്പതിക്കും തുല്യമായി വടക്കേ ഇന്ത്യയും വളരുന്നു. പുണ്യഭൂമിയും, ജ്ഞാനഭൂമിയും, യജ്ഞഭൂമിയും വ്യത്തിയി ലേക്ക് വളരുന്നു. ഇതെല്ലാം ചിന്തിച്ചുകൊണ്ടുതന്നെ ഞാൻ മെയിൻറോ ഡുവരെ നടന്നു. എന്റെ മുന്നിൽ ഋഷികേശിലേക്കുള്ള മടക്കയാത്ര ക്കായി മൂന്നുനാലു ഓട്ടോകളുണ്ട്. അതിലാദ്യത്തെതിൽ ഞാനിരുന്നു. തേജസ്സുള്ള ഡ്രൈവർ. റോഡിന്റെ രണ്ടുവശവും ശ്രദ്ധിച്ചു നോക്കി ആസ്വദിച്ചുകൊണ്ടായിരുന്നു മടക്കയാത്ര. അനവധി അനവധി ചൈത ന്യവത്തായ ക്ഷേത്രങ്ങൾ, ആശ്രമങ്ങൾ ! എല്ലാം അത്യാധുനിക മാർബിളും ഗ്രാനൈറ്റും വിരിച്ചത്. ഓരോ ക്ഷേത്രവും ഞാൻ കണ്ടു. തല കുമ്പിട്ടു തൊഴുന്നതുകണ്ടപ്പോൾ എന്റെ വലതുവശത്തിരുന്ന ഡ്രൈവർ, ഓരോ ക്ഷേത്രത്തിനുമടുത്തെത്തുമ്പോഴും വാഹനം സാവ ധാനത്തിലാ ക്കിത്തന്നു.

വാഹനം ഏതാണ്ട് പത്തു കിലോമീറ്റർ പിന്നിട്ടപ്പോൾ എന്റെ വാഹന ത്തിലെ നാലുപേരോടും നാലു യാത്രക്കാരുള്ള മറ്റൊരു വാഹനത്തി ലേക്കു കയറാൻ ഡ്രൈവർ പറഞ്ഞു. എന്നിട്ട് ഞങ്ങളോടുപറഞ്ഞു, ഋഷികേശിലിറങ്ങുമ്പോൾ 25 രൂപ മറ്റേ ഡ്രൈവർക്ക് കൊടുത്തേക്ക ണമെന്ന്. രണ്ട് ഓട്ടോകൾ വെവ്വേറെ ഓടുന്നതിനു പകരമുള്ള അഡ്ജ സ്റ്റ്മെന്റ്. കമ്പയിന്റ് സർവ്വീസായിരുന്നു അത്. അതിന്റെ പ്രായോഗിക തയിൽ എനിക്കു സന്തോഷം തോന്നി. വീണ്ടും ഞാൻ റോഡ്സൈ ഡിലുള്ള കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു. കള്ളുഷാപ്പുകളും, പശുവി നെയും പോത്തിനേയും, ആടിനേയും വെട്ടിമുറിച്ച് കെട്ടിത്തൂക്കിയിട്ടി രിക്കുന്ന കാഴ്ചയും റോഡുവക്കിലൊരിടത്തും കണ്ടില്ല. വാഹനത്തിൽ അതിവേഗം യാത്ര ചെയ്ത് ഋഷികേശ് ബസ്സ്റ്റാന്റിലെത്തി. അവിടെ യിറങ്ങി ചുറ്റുംനോക്കി അസാധാരണമായ തിരക്ക്. ആരും അന്യരു മല്ല അപരിചിതരുമല്ലാത്ത ബന്ധം എനിക്കവിടെ തോന്നി. ഞാൻ ഇറ ങ്ങിയ ഉടനെ ഓട്ടോകാരനോടു ചോദിച്ചു. "ഋഷികേശുവരെ പോകു മെന്നു ഉറപ്പുവരുത്തിയിട്ടാണല്ലോ ഞാനീ ഓട്ടോയിൽ കയറിയത്. എനിക്ക് പരമാർത്ഥനികേതൻ വരെ പോകണം. ഇനി ഞാൻ വേറെ ഓട്ടോ പിടിക്കേണ്ടേ?" മന്ദസ്മിതത്തോടെ ഓട്ടോ ഡ്രൈവർ പറഞ്ഞു. "സാറിന് പോകേണ്ടത് റാംഝൂലവരെയാണ്. ഇവിടെനിന്നും ഏതു ആട്ടോയിൽ കയറിയാലും 5 രൂപ കൊടുത്താൽ അവർ റാംഝൂലയി ലിറക്കും. റാംഝൂല മുതൽ ഹരിദ്വാർ വരെ 30 രൂപ. ഹരിദ്വാർ മുതൽ ഋഷികേശ് വരെ 25 രൂപ, അതു സാറെനിക്കു തന്നു. ഇനി 5 രൂപ കൊടുത്ത് റാംഝൂല വരെ മൂന്നു മിനിറ്റുകൊണ്ടെത്താമല്ലോ. സാറിൽ



Scanned with CamScanner

നിന്ന് ഒരു പൈസയും കൂടുതലെടുത്തിട്ടില്ല." അയാളുടെ ശാന്തമായ 5 രൂപ വിവരണം കേട്ടപ്പോൾ പെട്ടെന്ന് മനസ്സ് പോയത് ഐ.ടി മന്ത്രിയുടെ ഭാര്യയുടെ പേരിൽ ഒരു ബാങ്കിൽ മാത്രം 3000 കോടി രൂപയുണ്ട് എന്ന പത്രവാർത്തയായിരുന്നു. ഈ പാവം, 5 രൂപ എന്ന യഥാർത്ഥ ചാർജ്ജിൽ തന്നെ നിൽക്കുന്നുവല്ലോ...!

നിരനിരയായി വന്നുകൊണ്ടിരുന്ന ഓട്ടോകളിലൊന്നിൽ കയറി ഞാൻ രാംഝൂലയിലെത്തി, അവിടെ നിന്നും നടന്ന് ലക്ഷ്യസ്ഥാനത്തേക്കും! പരമാർത്ഥനികേതനിലേക്ക് എത്തിയ ഉടനെ അവിടെ നടന്നിരുന്ന ആയുർവേദ പ്രബന്ധാവതരണങ്ങളിലും ക്ലാസുകളിലും പങ്കെടുത്തു. ഉച്ചക്കുശേഷം അവിടത്തെ സ്വാമിജിയെക്കണ്ടു സംസാരിച്ചു. ആയിരക്കണക്കിന് സ്വദേശികളും വിദേശികളും അവിടെ വരുന്നതിനെക്കുറിച്ചും അവരിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും സ്വാമി വിവരിച്ചു. ആത്മാഭിമാനമുണ്ടാക്കുന്ന കുറേയേറെ ഉപദേശങ്ങളും സ്വാമി തന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ സിഡികളും വിസിഡികളും വേണമെന്ന് സ്വാമി അറിയിച്ചു. അതനുസരിച്ച് അദ്ദേഹത്തിന് അവയെല്ലാം എത്തിച്ചുകൊടുത്തു.

പരമാർത്ഥനികേതന്റെ ആഭിമുഖ്യത്തിലാണ് ഋഷികേശിൽ വൻതോൽ ഗംഗാ ആരതിയും പൂജയും നടക്കുന്നത്. എല്ലാവർക്കും വളരെയേറെ സമ്മതനായ വ്യക്തിയാണ് ഇവിടത്തെ സ്വാമി ദയാനന്ദ മഹാരാജ് (അതാണെന്നു തോന്നുന്നു അദ്ദേഹത്തിന്റെ പേര്)

ഗംഗാശുദ്ധീകരണത്തിലും ഋഷികേശം മുഴുവനും ചൈതന്യവത്താക്കുന്നതിലും എല്ലാത്തിനും മേൽനോട്ടംനൽകുന്നതിനും എല്ലാവർക്കും മാർഗനിർദ്ദേശം നൽകുന്നതും ഇദ്ദേഹമാണ്. മാനസസരോവരത്തിനടുത്ത് തീർത്ഥാടകർക്ക് താമസിക്കാനുള്ള സത്രവും ആശുപത്രിയും പണികഴിപ്പിക്കാനായി ചൈനീസ് ഗവൺമെന്റ് നേരിട്ട് അനുവാദം നൽകിയത് ഇദ്ദേഹത്തിനു മാത്രമാണ്. അദ്ദേഹം നിർമ്മിച്ച സത്രത്തിലാണ് ഞങ്ങൾ കൈലാസയാത്രാവേളയിൽ താമസിച്ചത്.

ഈ യാത്രയിലെ എന്റെ എല്ലാകാര്യങ്ങളും ഭംഗിയായി പോകുന്നതിനാൽ ഒരു മിനിറ്റുപോലും വിശ്രമിക്കാതെ ഞാൻ മുന്നോട്ടുനീങ്ങി. സെമിനാറിന്റെ അറിവും യാത്രായിലെ അനുഭവങ്ങളും ഇങ്ങിനെ ഒരു പുസ്തകം എഴുതുന്നതിനായി തയ്യാറാകുമ്പോൾ, നടന്നു കുഴയുന്ന കാലിലെ അസ്ഥി സന്ധികളും മസിലുകളും വേദനയറിയിക്കുന്നുണ്ടായിരുന്നു. അവയേയും ഞാനാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. എന്റെ ആവശ്യത്തിനാണ് എന്റെ അസ്ഥികളും മസിലുകളും. എനിക്കാവശ്യമുള്ളപ്പോൾ നിങ്ങൾക്ക് വേദനിക്കുന്നു, വയ്യ എന്നൊന്നും പറയാൻ



Scanned with CamScanner

പറ്റില്ല. എങ്കിലും കാലിൽ നല്ല വേദനയും നീർക്കെട്ടും ഉണ്ടായിരുന്നു. അതുംവച്ചുകൊണ്ട് വൈകുന്നേരത്തെ ഒന്നര മണിക്കൂർ ക്ലാസ് 'ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തി'യെക്കുറിച്ചെടുത്തു. നല്ല പ്രതികരണമായിരുന്നു.

അതിനുശേഷം അടുത്തുള്ള എടിഎംൽ പോയി കുറേ രൂപയെടുത്തു. ഗംഗാ ആരതി കഴിഞ്ഞ് പതിവുപോലെ വഴിച്ചായയും കുടിച്ച് കുറേയേറെ ദൂരം വേദനിക്കുന്ന കാലുമായി നടന്നു. സാധനങ്ങളെല്ലാം വാങ്ങി. രാത്രി എട്ടരക്ക് ഭക്ഷണം കഴിച്ച് ഗംഗാതീരത്ത് കുറേ സമയമിരുന്നു. രാവിലെ ഗംഗയിലെ തണുത്ത ജലത്തിൽ കുളിച്ചപ്പോൾ ഉണ്ടായ തലചുറ്റലും ഒന്നു സ്മരണയിൽ വന്നു. വെളുത്തവാവിന്റെ ചന്ദ്രനെ നോക്കി കുറേ നേരമിരുന്നു. മാനസസരസിൽ പൗർണമിക്ക് ദേവതകളും അപ്സരസുകളും കുളിക്കാൻ വരുന്നു എന്ന വിവരണ കാഴ്ച ഭാഗികമായി കാണാൻ സാധിച്ചു. ചന്ദ്രന്റെ ചൈതന്യവത്തായ പ്രകാശരശ്മികൾ, ഒഴുകുന്ന ഗംഗാനദിയിൽ പ്രതിഫലിച്ച ദൃശ്യം ഏതെല്ലാം വാക്കുകളുപയോഗിച്ചെഴുതിയാലും സമഗ്രമാകുകയില്ല. സമയം കുറെ വൈകി, നല്ല തണുത്ത കാറ്റും കൊണ്ട് മുറിയിൽ ചെന്നുകിടന്നു നിമിഷങ്ങൾക്കകം ഉറങ്ങി.

**പിതൃതർപ്പണം ഗംഗാതീരത്ത്**

എല്ലാവരേയും അടുത്ത ദിവസം പ്രഭാതത്തിൽ ഗംഗാതടത്തിൽ നടത്തുന്ന പിതൃതർപ്പണത്തെക്കുറിച്ചറിയിച്ചിരുന്നു. അതിനുള്ള തയ്യാറെടുപ്പും നടത്തിയിട്ടാണ് ഉറങ്ങാനായി കിടന്നത്.

ഫെബ്രുവരി 20 ന് ഞായറാഴ്ച എനിക്ക് അവിസ്മരണീയമായ ദിവസമായിരുന്നു. മലയാളികളല്ലാത്തവരേയും വിദേശികളേയുംകൊണ്ട് പിതൃകർമ്മം നടത്തിക്കാൻ സാധിച്ചു. നല്ല തണുപ്പ്, ശക്തിയായ കാറ്റും, രാവിലെ അഞ്ചരക്കു തന്നെ പത്തുമുപ്പതുപേരോട് പരമാർത്ഥനികേതന്റെ മുന്നിലുള്ള ഗംഗാതീരത്തെ വിസ്തൃതമായ മാർബിൾ തറയിൽ തെക്കോട്ടു നോക്കി ഇരിക്കാൻ നിർദ്ദേശിച്ചു. മുണ്ടും ഷർട്ടും ധരിച്ച് ഞാനുമിരുന്നു. ഏകദേശം 20 മിനിറ്റ്കൊണ്ട് എല്ലാ മന്ത്രങ്ങളും ചൊല്ലി പിതൃതർപ്പണം അവരെക്കൊണ്ട് കൊടുപ്പിച്ചു. ഏവർക്കും അസാധാരണമായ അനുഭവമായതുകൊണ്ട് അതിഷ്ടപ്പെട്ടു. അന്നത്തെ പലരുടേയും ചർച്ചയിൽ ഒരു വിഷയം ഇതായിരുന്നു. ബയോകെമിസ്ട്രിയും, വേദങ്ങളും, പിതൃകർമ്മമന്ത്രതന്ത്രങ്ങളും മനഃപാഠം ചൊല്ലിയതായിരുന്നു അവർക്കിഷ്ടപ്പെട്ട ഒരു കാര്യം.

രാവിലത്തെ ക്ലാസുകൾ ശ്രദ്ധിച്ചതിനുശേഷം കാൽനടയായി ഞാൻ



Scanned with CamScanner

ഋഷികേശിലെ കാണാത്ത കാഴ്ചകൾ കാണാനായി വീണ്ടും യാത്ര ചെയ്തു. പ്രഭാതത്തിലെ 9 മണിക്കുള്ള എന്റെ പ്രധാനപ്പെട്ട ലക്ചർ അവിസ്മരണീയമാക്കണമെന്നെനിക്കാഗ്രഹമുണ്ടായിരുന്നു. മനസ്സിനേയും ശരീരത്തേയും ആത്മാവിനേയും ഉയർത്തുക. Elevating the mind, body and soul. ഓരോ ശ്രോതാവിന്റെ കയ്യിലും പ്രിന്റഡ് നോട്ടു കൊടുത്തിട്ടാണ് പദാനുപദം ഈ വിഷയം പഠിപ്പിച്ചത്. അതൊരസാധാരണമായ ആസ്വാദനമായിട്ടെനിക്കനുഭവപ്പെട്ടു. സദസ്സിലും ആ ക്ലാസ്സ് നല്ല പ്രതികരണമുണ്ടാക്കിയെന്നറിഞ്ഞു. തികച്ചും നൂതനമായ ഒരു വിഷയം ഈ സെമിനാറിൽ ഏറ്റവും അനുയോജ്യമായി എന്ന് ഏറെ പേർ പ്രശംസിച്ചു എന്നതിൽ എനിക്കൊന്നും തോന്നിയില്ല. പക്ഷേ ഭാരതീയ പൈതൃകത്തിലെ ഗീതയും ആധുനിക ശാസ്ത്രവും ഇന്നത്തെ മനഃശാസ്ത്രവും ചേർത്ത് വിവരിച്ചപ്പോൾ സദസ്സിൽ കണ്ട അഭൂതപൂർവ്വമായ മുഖഭാവവും സ്വീകരണവും, നമ്മുടെ പൈതൃകത്തെ ലോകജനതയെക്കൊണ്ട് എങ്ങനെ സ്വീകരിപ്പിക്കാമെന്നതിന്ന് പ്രത്യക്ഷാനുഭവമായി തോന്നി. ഞാൻ കൊണ്ടുപോയ അനവധി സിഡികളും വിസിഡികളും എല്ലാവിഭാഗം ജനങ്ങളും ഈ പ്രഭാഷണത്തിനു ശേഷം വാങ്ങിക്കുകയുണ്ടായി. അതിൽ അഭിമാനം തോന്നി. ആ പഠന ഉപകരണങ്ങളിലൂടെ കൂടുതൽ കൂടുതൽ കാര്യങ്ങൾ (ഈ പ്രതിനിധികൾ സ്വദേശത്തേക്ക് മടങ്ങിയാലും) കേട്ടുകൊണ്ട് പഠിക്കാനവസരമവർക്കുണ്ടാക്കാമല്ലോ എന്ന സംതൃപ്തി അനുഭവപ്പെട്ടു.

വൈകുന്നേരത്തെ എന്റെ ക്ലാസ് ഭഗവദ്ഗീതയിലെ സന്ദേശങ്ങളെക്കുറിച്ചായിരുന്നു. അതും ആത്മസംതൃപ്തിയോടെ നടത്തി. അതിനു മുമ്പ് ഒരിക്കൽകൂടി ഗംഗാസ്നാനം നടത്തി, ഒരൽപമൊന്നുമയങ്ങി. സായം സന്ധ്യയിലെ ഗംഗാ ആരതിയിൽ പങ്കെടുത്തു. മറ്റേതെല്ലാമോ ആശ്രമത്തിൽ നിന്ന്, ചൈതന്യവത്തായ കുറേയേറെ സ്വാമിമാർ ഗംഗാ ആരതിക്ക് വന്നത് ഒരു കൗതുകക്കാഴ്ചയായിരുന്നു.

ഗംഗാ ആരതിക്കു പങ്കെടുക്കുംമുമ്പ് ഗംഗയ്ക്കു കുറുകേ ഒരു ബോട്ടിൽ ഞാൻ സഞ്ചരിച്ചു. നല്ലൊരനുഭവമായിരുന്നു അത്. പണ്ടുകാലത്ത് ഗംഗാനദി മുറിച്ചുകടക്കുമ്പോൾ, വഞ്ചി ഗംഗയുടെ ഒത്തനടുക്കെത്തുമ്പോൾ ഒരു നാണയം നദിയിൽ നിക്ഷേപിക്കാറുണ്ട്! ഗംഗാമാതാവിനെ കവച്ചുവയ്ക്കുന്നതിന് പ്രായശ്ചിത്തമായി. ഇപ്പോളതുകണ്ടില്ല. എങ്കിലും എല്ലാവരും ചേർന്ന് ഗംഗാ ഭഗവതിയോട് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

അടുത്ത ദിവസം ഫെബ്രുവരി 21 ന് തിങ്കളാഴ്ച ഋഷികേശിലെ ഈ യാത്രയിലെ അവസാനത്തെദിവസമാണ്. ഈയൊരു ദിവസവും പൂർണ്ണ



Scanned with CamScanner

മായും ഉപയോഗിച്ചു. അതിരാവിലെ അഞ്ചുമണിക്കുണർന്നു. ദേശവിദേശത്തു നിന്നുവന്നവർക്കെല്ലാം പിതൃതർപ്പണ മന്ത്രങ്ങൾ ചൊല്ലിക്കൊടുത്തു. അവരെല്ലാം തലേദിവസത്തേക്കാൾ സംതൃപ്തിയോടെ തർപ്പണം ചെയ്തു. തലേദിവസം വരാത്ത ധാരാളം പേരുണ്ടായിരുന്നു. ഭൂരിഭാഗവും വിദേശികളായിരുന്നു. ഗംഗയിലെ കുത്തുന്ന തണുപ്പ് വകവയ്ക്കാതെ അവർ തർപ്പണംചെയ്തു.

രാവിലത്തെ ഒരു ചായ പിന്നെ സെമിനാർ ! ഞാൻ ഗംഗാതീരത്ത്കൂടി ലക്ഷ്മൺഝൂല വരെ നടന്നു. ഗംഗയൊഴുകി വരുന്നതിന്റെ ഇടതുദിശയിലെ കരയിലെ ആശ്രമങ്ങളാണ് ഈ ഭാഗത്ത്. അത്രക്കും വികസിച്ചിട്ടില്ലാത്ത കര! ക്ഷേത്രങ്ങളുണ്ട്. വൃത്തികേടുകളില്ല. എന്നാൽ ആധുനികമായ സംവിധാനങ്ങളില്ല. വിസ്തരിച്ചു നടക്കാവുന്ന ഗംഗാതീരം. ശാന്തഗംഭീരം! ഇവിടെ സന്ദർശകർ കുറവായിരുന്നു. ഗംഗാസ്നാനത്തിനും ആരുമുണ്ടായിരുന്നില്ല. കോവളത്തു കാണുന്ന വൃത്തികേടുകളൊന്നുമിവിടെയുണ്ടായിരുന്നില്ല. എന്നാൽ ക്രമമല്ലാതെ കിടക്കുന്ന പ്രദേശംപോലെ തോന്നി. ഗംഗാതീരത്തെ ശാന്തത ഇവിടെ അനുഭവപ്പെട്ടു. മനുഷ്യർ തിരെ കുറവായിരുന്നു. നല്ല ആരോഗ്യമുള്ള ചില കാവിവസ്ത്രധാരികൾ രാം രാം പറഞ്ഞ് യാത്രക്കാരിൽ നിന്ന് കൈനീട്ടാതെ ഭിക്ഷ ചോദിക്കുന്നുണ്ടായിരുന്നു. അതൊരു പിച്ചയെടുക്കൽപോലെയായിരുന്നില്ല. കുളിച്ച് വൃത്തിയായി വസ്ത്രമുടുത്ത് റോഡരുകിലിരുന്നു കൈനീട്ടാതെയുള്ള ഭിക്ഷാസ്വീകരണം. 99 ശതമാനം യാത്രക്കാരും ഒന്നും കൊടുക്കുന്നില്ലായിരുന്നു. അതിലവർക്കു പരിഭവവും ഉള്ളതായി തോന്നിയില്ല. ലക്ഷ്മൺഝൂല വരെ പോയി. ഗംഗയുടെയും സമീപ പ്രദേശത്തെയും ഫോട്ടോകളെടുത്തു ഏകദേശം 9.00 മണിക്കുതന്നെ തിരികെ വന്നു.

**ആയുർവേദ സെമിനാർ അവസാനിക്കുന്നു.**

ഏതാനും ദിവസം നടന്നും വാഹനത്തിലും ഭാരതത്തിന്റെ ആത്മീയ മഹത്വവും ഈ സെമിനാറിൽ പങ്കെടുത്തുകൊണ്ട് ഭാരതത്തിന്റെ ശാസ്ത്രീയ മഹത്വവും മനസ്സിലാക്കാൻ ജഗദീശ്വരാനുഗ്രഹമുണ്ടായതോർത്തുകൊണ്ടു നടന്നു. ഇവിടെയുള്ള അനുഭവ സ്വീകരണം ഇന്നത്തോടെ അവസാനിക്കുകയാണ്. രാവിലെ 9 മണിക്കു തന്നെ സെമിനാർ അവസാനിക്കുന്നതിന്റെ ആരംഭം കുറിക്കുന്ന കാര്യങ്ങളായിരുന്നു വേദിയിൽ. അനവധി കാര്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കപ്പെട്ടു. പ്രവർത്തിച്ചവർക്കെല്ലാം അനുമോദനങ്ങളും ആശീർവാദങ്ങളും നൽകി. ഏകദേശം 1 മണിയോടെ സെമിനാറിന്റെ തിരശ്ശീല വീണു. ഭക്ഷണം കഴിച്ച് ഞാൻ മുറിയിൽ അൽപനേരം വിശ്രമിച്ച് കുറേ



Scanned with CamScanner

യേറെ സാധനങ്ങൾ വാങ്ങിക്കുവാനും വേണ്ടതെല്ലാം ചെയ്യുവാനും സമയം വിനിയോഗിച്ചു.

കുറേയേറെ പുസ്തകങ്ങൾ, വിസിഡികൾ, സിഡികൾ എന്നിവയെല്ലാം ചിന്താതീതമായ കുറഞ്ഞ വിലയ്ക്ക് വാങ്ങിച്ചു. അവയെല്ലാം ഇവിടെ കൊണ്ടുവന്നും അവിടത്തന്നെ ലാപ്ടോപ്പിലിട്ടും നല്ലതാണോ എന്നു പരിശോധിച്ചു. അത്യുഗ്രഹൻ എന്നുറപ്പുവരുത്തി വൈകുന്നേരം മുന്ന രക്ക് മുറിയിൽ വന്നപ്പോൾ വസിഷ്ഠഗുഹയിലേക്ക് വരുന്നോ എന്നൊരു ചോദ്യം സഹപ്രവർത്തകർ ചോദിച്ചു.

**വസിഷ്ഠ ഗുഹായാത്ര**

സെമിനാറിന്റെ സംഘാടകർതന്നെ ഏർപ്പെടുത്തിയ ടെമ്പോയിൽ ഞങ്ങളിൽ ആറേഴുപേർ വസിഷ്ഠഗുഹയിലേക്കു യാത്രയായി. ഏതാണ്ടു മുപ്പതു കിലോമീറ്റർ നാഷണൽ ഹൈവേവഴിയുള്ള യാത്ര. അതിസുന്ദരമായ ഗംഗാതീരത്തുകൂടിയായിരുന്നു യാത്ര. നല്ല റോഡുകൾ യാത്രക്കാരില്ലാത്ത വഴികൾ. ഏകദേശം 1 മണിക്കൂർകൊണ്ടവിടെയെത്തി. സർവ്വം ശാന്തം. മലമുകളിൽ വാഹനം നിർത്തി ഞങ്ങളെല്ലാം ഗംഗാതീരംവരെ താഴേക്കിറങ്ങി. ഗംഗാ തീരത്തിലെ വസിഷ്ഠഗുഹയ്ക്കടുത്ത് ഒരാശ്രമത്തിനായി കെട്ടിയ മൂന്നുനാലു കെട്ടിടങ്ങളും ജോലിക്കാരുടെ വീടുകളും മാത്രമാണുണ്ടായിരുന്നത്. ഗുഹക്കകത്ത് കുറേനേരം നിന്ന് പ്രാർത്ഥിച്ചു. അവതാരമായ ശ്രീരാമനെ ഉപദേശിച്ച മനുഷ്യനായ വസിഷ്ഠ ഋഷിയെ മനസാ നമിച്ചു.

ഗംഗാ തീരത്തേക്കു നടന്നു. ചുറ്റും മനോഹരങ്ങളായ മലകൾ അതീവ സുന്ദരവും ശാന്തവുമായിരുന്നു. ആത്മീയ ചൈതന്യം നിറഞ്ഞു തുളുമ്പുന്ന ഗംഗാതീരം. യാത്രാ മദ്ധ്യേ അടുത്തടുത്ത് വെള്ള മണൽ വിരിപ്പിൽ അത്യാധുനിക വൃത്തിയോടെ താൽക്കാലിക കുടിലുകൾ നിരനിരയായി നിർമ്മിച്ചിരിക്കുന്നതുകണ്ടു. വിദേശികൾക്ക് ഗംഗയോട് ചേർന്ന് ധ്യാനിക്കാനും വസിക്കാനുമുള്ളതായിരുന്നു അവയെല്ലാം. അതുകണ്ടുകൊണ്ടിരിക്കാൻ തോന്നിപ്പോകും അത്രക്കും മനോഹരങ്ങളായ താല്കാലിക ഋഷികുടീരങ്ങൾ എന്നു പറയുന്നതാവും ശരി. ഒരൊറ്റ മനുഷ്യൻ ശല്യപ്പെടുത്താനില്ല. ആ പ്രദേശത്തൊന്നും മദ്യവും മയക്കുമരുന്നും ലഭിക്കില്ല. ഒരു പെട്ടിക്കടപോലുമവിടെയില്ല. ജീവിത പരാജയത്തിനെ അഭിമുഖീകരിക്കാനായി വന്നവരാകാനിടയില്ല. ജീവിതത്തിന്റെ അത്യുന്നതിയിലേക്കെത്താനാഗ്രഹിക്കുന്നവരെയാണവിടെ ക്കണ്ടത്.

ഒരു ചായക്കടയോ, വഴിയോര സത്രമോ, വസിഷ്ഠ ഗുഹയിലേക്കു വന്നവരാല്ലത്തവരെയോ അവിടെ കണ്ടില്ല. ഞങ്ങൾ ഗംഗാതീരത്ത്



Scanned with CamScanner

നിന്നും കുറച്ചു പവിത്രമായ കല്ലുകൾ പൂജാമുറിയിൽ വെക്കാനായി എടുത്തു. ഗംഗയിൽ കൈകാലുകൾ കഴുകി, ഗംഗയുടെ മറ്റൊരുമുഖവും ഭാവവും ഇവിടെ കണ്ടു. ഇരുട്ടാകും മുമ്പ് ഞങ്ങൾ തിരിച്ചു യാത്രയായി. ഒരു ജർമ്മൻകാരനും കൂടെയുണ്ടായിരുന്നു. പകുതി വഴിയിൽ വച്ച് നല്ല ഒരു ചായകുടിച്ചു. കേരളത്തിലെ പ്രഗത്ഭരായ ആയുർവേദ ഡോക്ടർമാരും അദ്ധ്യാപകരും ചേർന്ന ഈ യാത്ര അനുഭവങ്ങൾ പങ്കുവയ്ക്കാനും മറ്റും പ്രയോജനപ്പെട്ടു. സൂര്യാസ്തമയത്തോടെ ഞങ്ങൾ പരമാർത്ഥനികേതനിലെത്തി. ഗംഗാമാതാവിനെ വണങ്ങി. സെമിനാറിന്റെ പ്രതിനിധികളായി വന്നവർ കുറേപേർ സ്വദേശത്തേക്ക് മടങ്ങിക്കഴിഞ്ഞിരുന്നു. അവിടെയുള്ള നല്ല ഒരു ഹോട്ടലിൽ ദേശവിദേശികൾ രാത്രി ഭക്ഷണത്തിനൊരുമിച്ചുകൂടി.

ആ വൃത്തിയായ ഹോട്ടലിൽ പല രാജ്യക്കാരും ഭാഷക്കാരുമുണ്ടായിരുന്നു. ആർക്കും ആരും അന്യരല്ലായിരുന്നു. ഭാരത സംസ്കൃതിയുടെ മുന്നിൽ ലോകം ഒന്നാകുന്ന കാഴ്ച കണ്ടു. സന്തോഷത്തോടെ ഭക്ഷണം കഴിച്ചു പിരിഞ്ഞു. അടുത്ത ദിവസം രാവിലെ 2 മണിക്കു പുറപ്പെട്ടാലെ ഉച്ചക്കു 12 നുള്ള ഫ്ളൈറ്റ് ഡൽഹിയിൽ നിന്നു ലഭിക്കൂ. എല്ലാവരോടും യാത്ര പറഞ്ഞ് ഇത്തരമൊരു സമുജ്ജ്വല സെമിനാർ സംഘടിപ്പിച്ച് ഞങ്ങൾക്ക് ഈ പുണ്യപുരാതന പവിത്ര ഭൂമി സന്ദർശിക്കാൻ അവസരം നൽകിയതിന് നിറഞ്ഞ ഹൃദയത്തോടെ ഡോ. രാംകുമാറിനോടും നന്ദിപറഞ്ഞു. ബാക്കിയുള്ളവരോടും യാത്രപറഞ്ഞ് ഗംഗാതീരത്ത് കുറേസമയംകൂടി ഇരുന്നു. അടുത്ത ദിവസം 2 മണിക്ക് ബാഗും മറ്റും കൊണ്ടുപോകാനുള്ള കൈവണ്ടിക്കാരനെ ഏർപ്പാട് ചെയ്ത് ഞങ്ങൾ മുറിയിലേക്കുപോയി. മടക്കയാത്രക്കുള്ള എല്ലാ തയ്യാറെടുപ്പുകളും കഴിഞ്ഞ് ഒരു ടെൻഷനുമില്ലാതെ കിടന്നുറങ്ങി.

ഫെബ്രുവരി 22ന് അതിരാവിലെ ഉണർന്ന് കൈവണ്ടിക്കാരനെ മൊബൈലിൽ വിളിച്ചു. അയാൾ സ്വന്തം കൈവണ്ടിയിൽ തന്നെ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഞങ്ങൾ രാംഝൂല വഴി ടാക്സി സ്റ്റാന്റിലെത്തി. മുൻകൂട്ടി നിശ്ചയിച്ച വാഹനത്തിൽ യാത്ര ചെയ്ത് ഉച്ചയ്ക്ക് മുമ്പ് ഡെൽഹി എയർപോർട്ടിലെത്തി. യാത്രാവേളയിൽ ഭക്ഷണമെല്ലാം വളരെ ഇഷ്ടപ്പെട്ടു. മൂടൽ മഞ്ഞുകൊണ്ടു പൊതിഞ്ഞ മനോഹരമായ നല്ല ഹൈവേ റോഡിലൂടെയായിരുന്നു യാത്ര.

അതിമനോഹരവും എല്ലാ സൗകര്യങ്ങളുമുള്ള ഡൽഹി എയർപോർട്ടിൽ ലഗ്ഗേജ് ചെക് ചെയ്യാനുള്ള ഒരു സംവിധാനവുമുണ്ടായിരുന്നില്ല. ലഗ്ഗേജ് എക്സ്റേ ഉപയോഗിച്ച് പരിശോധിക്കേണ്ടേ എന്നു ചോദിച്ചപ്പോൾ ആ കാലമെല്ലാം കഴിഞ്ഞുപോയി എന്നു പറഞ്ഞു. പൂട്ടുപോലുമില്ലാത്ത എന്റെ സ്യൂട്ട്കേസും ഒരു വിഷമവുമില്ലാതെ



Scanned with CamScanner

ഡെൽഹിയിൽ നിന്ന ഫ്ളൈറ്റിൽ കയറ്റിയപ്പോൾ കാഠ്മണ്ഡു എയർപോർട്ടിൽ വച്ച് (കൈലാസയാത്രക്കിടെ) പലതും നഷ്ടപ്പെട്ടതും ഞാനോർത്തു. അതിമനോഹരമായ ഡൽഹി എയർപോർട്ടിൽ നിന്ന് ഏകദേശം കൃത്യസമയത്തുതന്നെ കൊച്ചിയിലേക്കും അവിടെ നിന്നും തിരുവനന്തപുരത്തേക്കുമുള്ള യാത്ര സമംഗളം പര്യവസാനിച്ചപ്പോൾ തീർത്ഥാടനത്തിന്റെ നവോന്മേഷത്തോടെ ഞാൻ ശ്രീപത്മനാഭന്റെ മണ്ണിൽ സ്പർശിച്ചു.

യാത്രാ മദ്ധ്യേ എറണാകുളത്ത് (കുറേസമയം എയർപോർട്ടിലിരുന്നു) സുഹൃത്തുക്കളേയും മറ്റും വിളിച്ച് ഈ ചൈതന്യമായ പുണ്യയാത്രയെക്കുറിച്ചറിയിച്ചു.

എല്ലാം മംഗളകരമായി. ഇനി ഒന്നുമാത്രം

ഈ പുസ്തകം നിങ്ങൾ വായിക്കുകയാണെങ്കിൽ അവസാന ശ്വാസത്തിനുമുമ്പ് നിങ്ങളും ഹരിദ്വാരിലേക്കും ഋഷികേശിലേയ്ക്കും പോകണം. കേരളത്തിൽ നിന്ന് ഹരിദ്വാരിലേക്കു നേരിട്ടു യാത്ര ചെയ്യാനുള്ള ട്രെയിൻ സൗകര്യമുണ്ട്. കണ്ടക്ടഡ് ടൂർ പ്രോഗ്രാമുമുണ്ട്.

ഈ പവിത്രമായ രാഷ്ട്രത്തിന്റെ ചൈതന്യമാവാഹിക്കുന്ന ഉത്തരാഞ്ചൽ എന്ന ദേവ പുണ്യഭൂമിയിലെ ഗംഗാസ്നാനം ഹരിദ്വാരിലും ഋഷികേശിലും നിങ്ങളും കുടുംബാംഗങ്ങളും നടത്തിയാലെ എന്റെ ആഗ്രഹം പൂർത്തുയാവുകയുള്ളു.

**ഭാരതത്തിനാവശ്യം Spiritual Tourism ആണ്. മനസ്സിനെ ചൈതന്യവത്താക്കുന്ന, ശരീരത്തെ ആരോഗ്യമുള്ളതാക്കുന്ന, കുടുംബബന്ധം ദൃഢമാക്കുന്ന, സാമൂഹിക ഐക്യം ദൃഢമാക്കുന്ന, ദേശീയോദ്ഗ്രഥനം പൂർണമാക്കുന്ന ആത്മീയ വിനോദസഞ്ചാരത്തിന്റെ ലോകതലസ്ഥാനമായി ഭാരതം വളരട്ടെ ഉയരട്ടെ. നമ്മുടേതായ വിളക്ക് നമുക്ക് കത്തിച്ച് ഈ ചൈതന്യധാരയെ പ്രകാശമാനമാക്കാം.**

സസ്നേഹം
ഭാരതീയ പൈതൃക സേവയിൽ
സ്വന്തം കുടുംബാംഗം

**എൻ. ഗോപാലകൃഷ്ണൻ**

15-4-2011
(മേടവിഷു)



Scanned with CamScanner

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ
# മഴുവഞ്ചേരി മഹാദേവക്ഷേത്രത്തിലേയും
# നാഷണൽ ഹെറിറ്റേജ് സെന്ററിലേയും

(1) പ്രതിവർഷ മഹാശിവരാത്രി തീർത്ഥാടനദിവസത്തിലെ 6 a.m. മുതൽ 12 p.m. വരെ ഒരു മണിക്കൂർ വീതമുള്ള **പിതൃപൂജ + വിദ്യാദേവതാ പൂജ + ധന്വന്തരി ഹോമം** + വൈകുന്നേരം നടത്തുന്ന **സമൂഹ ശിവ പൂജയും അർച്ചനയും** (2) കർക്കിടകത്തിലെ കറുത്തവാവിന് 6 a.m. മുതൽ 12 p.m. വരെ 30 മിനിറ്റു വീതമുള്ള **പിതൃസ്മരണയും പിതൃതർപ്പണവും** (3) ഒക്ടോബർ 2, ഗാന്ധിജയന്തി ദിവസത്തിലെ **IISH** അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കുമുള്ള **കുടുംബസംഗമം** (4) ക്രിസ്തുമസ് കാലത്തെ (2011 ഡിസംബർ 23, 24, 25 തീയതികളിൽ പൂർണ്ണദിന) **ഭഗവദ്ഗീതാ വിജ്ഞാന സദസ്**. (ഈ വർഷത്തെ വിഷയം : **ഗീതയിലെ കർമ്മയോഗം** ഡോ. എൻ. ഗോപാലകൃഷ്ണൻ വിവരിക്കുന്നു)

**ഈ നാലു ആചാര സഹിതമുള്ള ആഘോഷങ്ങൾ**
**നിങ്ങളുടെ മനസ്സിൽ നിറഞ്ഞിരിക്കട്ടെ.**
**അതിൽ നിർബന്ധമായും പങ്കെടുക്കുവാൻ സ്വാഗതം ചെയ്യുന്നു.**

ഈ പരിപാടികളിൽ പങ്കെടുക്കുന്നവർക്ക്
ഭക്ഷണം + താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.


**സംഘാടക സമിതി**
**മഴുവഞ്ചേരി മഹാദേവക്ഷേത്രം +**
**നാഷണൽ ഹെറിറ്റേജ് സെന്റർ**
കേച്ചേരിക്കു സമീപം, തൃശ്ശൂർ - ഗുരുവായൂർ / കുന്ദംകുളം ഹൈവേ
തൃശ്ശൂർ - 680 501.
04885 - 240236 / 9446361149 / 0471 - 2490149 / 9847310663
www.iish.org, www.iish.tv, directornhc@gmail.com


Scanned with CamScanner